മാർച്ച്– 2011

# സുവിശേഷനാദം

Vol. 31 Suvisesha Nadam No. 3



VOL. 31 ISSUE : 3 MARCH 2011

# SUVISESHANADAM

PUBLISHED BY GOSPEL VOICE PUBLISHERS

## ഉള്ളടക്കം


3 സ്റ്റേറ്റ് ഓവർസിയറുടെ കത്ത്........................ പാസ്റ്റർ എം. കുഞ്ഞപ്പി

7 ക്രിസ്തുവിൽ നിന്ന് അകലുന്ന ...............ഇവാ. പി.ഐ. ഏബ്രഹാം

8 ഇത് പരിശുദ്ധാത്മ പകർച്ച ......................Rev. Douglas Le Roy

11 അനുഭവം, അനുകരണം ...........................പാസ്റ്റർ കെ.എ. ഉമ്മൻ

13 ഇന്നത്തെ ദൈവജനം ...................ജോർജ്ജ് വർഗീസ്, ചിറ്റേഴത്ത്

15 അഭിഷേകം എന്തിന്?.........................പാസ്റ്റർ വിനോദ് ജയിക്കബ്

17 പഠിച്ച് പ്രസംഗിക്കാം..............................പാസ്റ്റർ എ. റ്റി. ജോസഫ്

18 വിശ്വാസികളും ഓട്ടവും ....................................ഗ്രേസ്, കുമളി

19 ഗാനം ..........................................തകിടിയിൽ ജോൺ വർഗീസ്

20 നീ ക്ഷണിച്ചു പോകുമ്പോൾ ..........................പാസ്റ്റർ സണ്ണി ഫിലിപ്പ്

21 കർത്തൃസന്നിധിയിൽ.......................................................

22 Y.P.E വാർത്തകൾ.........................................................

23 സഭാ വാർത്തകൾ............................................................


## വിശ്വാസ പ്രമാണം

1.വേദപുസ്തകത്തിന്റെ അക്ഷരപ്രകാരമുള്ള ദൈവനിശ്വാസിയതയിലും 2. പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങളിൽ നിത്യനായി സ്ഥിതിചെയ്യുന്ന ഏക ദൈവത്തിലും 3. യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ ഏകജാതനായ പുത്രനും പരിശുദ്ധാത്മാവിനാൽ ഉല്പാദിതനായി കന്യക മറിയാമിൽനിന്നും ജനിച്ചു എന്നുള്ളതിലും, ക്രൂശിൽ തറയ്ക്കപ്പെട്ടു മരിക്കുകയും അടക്കപ്പെടുകയും മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു എന്നതിലും, സ്വർഗ്ഗാരോഹണം ചെയ്ത് ഇപ്പോൾ മദ്ധ്യസ്ഥനായി പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നു എന്നുള്ളതിലും; 4. മനുഷ്യരെല്ലാവരും പാപം ചെയ്തു ദൈവതേജസ്സിലാത്തവരായി തീർന്നു എന്നും, എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം കല്പിക്കുന്നു എന്നും, പാപമോചനത്തിന് അത് ആവശ്യമാകുന്നു എന്നുള്ളതിലും; 5. യേശുക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസത്താൽ നീതീകരണവും വീണ്ടും ജനനവും ഉണ്ടാകുന്നു എന്നുള്ളതിലും; 6. ക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസംമൂലവും ദൈവവചനംമൂലവും പരിശുദ്ധാത്മാവുമൂലം പുതുജനനാനന്തരമുണ്ടാകുന്ന വിശുദ്ധീകരണത്തിലും; 7. വിശുദ്ധി എന്നത് ദൈവജനത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ജീവിത പ്രമാണമാകുന്നു എന്നുള്ളതിലും; 8. ഹൃദയ നിർമ്മലീകരണാനന്തരമുള്ള പരിശുദ്ധാത്മ സ്നാനത്തിലും; 9. പരിശുദ്ധാത്മാവ് ഉച്ചരിക്കുവാൻ നൽകുന്ന പ്രകാരമുള്ള മറുഭാഷാ ഭാഷണത്തിലും, അത് പരിശുദ്ധാത്മ സ്നാനത്തിന്റെ പ്രാരംഭ ലക്ഷണമാണെന്നുള്ളതിലും; 10. ജലത്തിലുള്ള നിമജ്ജന സ്നാനത്തിലും മാനസാന്തരപ്പെടുന്ന എല്ലാവരും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടണമെന്നുള്ളതിലും; 11. യേശുക്രിസ്തുവിന്റെ പാപപരിഹാരബലിയിൽ എല്ലാ മനുഷ്യർക്കും ദൈവിക രോഗശാന്തി നൽകപ്പെട്ടിട്ടുണ്ട് എന്നുള്ളതിലും; 12.കർത്തൃഭോജനത്തിലും വിശുദ്ധന്മാരുടെ പാദശുശ്രൂഷയിലും; 13. മരിച്ചവരെ ഉയിർത്തെഴുന്നേല്പിച്ചും, ജീവനോടിരിക്കുന്നവരെ രൂപാന്തരപ്പെടുത്തിയും, മദ്ധ്യാകാശത്തിലേക്ക് എടുത്തുകൊൾവാനും അനന്തരമായി ആയിരമാണ്ടേക്കു വാഴുവാനുംവേണ്ടി സഹസ്രാബ്ദത്തിന് മുമ്പെ ഭൂമിയിലേക്ക് എഴുന്നെള്ളുവാനുള്ള യേശുക്രിസ്തുവിന്റെ പുനരാഗമനത്തിലും; 14. ശരീരത്തിന്റെ ഉയിർത്തെഴുന്നേല്പിലും നീതിമാന്മാർക്കുള്ള നിത്യജീവനിലും ദുഷ്ടന്മാർക്കുള്ള നിത്യശിക്ഷാവിധിയിലും ഞങ്ങൾ വിശ്വസിക്കുന്നു.

## FOREIGN REPRESENTATIVES


USA

N.Y. Abraham P. Abraham
Ph: 718-343-7462

N.Y. Koshy M. Varghese
Ph: 845-2678-373

N.Y. Prasad Mathew Ph: 585-467-4190

T.N. A.V. Daniel Ph: 423-899-3995

N.J. P. V. Mathew. Ph: 212-684-3450

Chicago: Pr. Mathai Samkutty
Ph: 847-329-7625

Chicago: Solomon Varghese
Ph: 847-816-0644

Dallas: A.V. Philipose. Ph: 972-289-7847

Dallas: Thomas George
Ph: 972-463-6469
Pr. Johnson Zacharia
Ph: 972-276-1158

Houston: Pr. Abraham Thomas
Ph: 281-998-9292

Tulsa: Pr. C. V. Zachariah
Ph: 918-357-1293

OK A. V. Abraham. Ph: 405-789-2773

GULF

Kuwait: C. Thomas Mathew
Ph: 00965-3923698
Mathew Daniel
Ph: 00965-4318417. M. 9584150
Samkutty Samuel
Ph: 00965-4805675. M. 9027606

Dubai: Varghese George
Ph: 009714-3370393

Oman: M. K. Thomas
Ph: 050-6730586, 655134

Muscat : M.P. Monikutty
Ph: 00968-99448408


## വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഇൻഡ്യയിൽ | 70 രൂപ |
| വിദേശത്തേക്ക് | |
| ഗൾഫ് മേഖല | 1000 രൂപ |
| U.S.A. യും മറ്റ് രാജ്യങ്ങളും | U.S.$ 25 |
| ആയുഷ്ക്കാല വരിസംഖ്യ | |
| ഇൻഡ്യയിൽ | 1000 രൂപ |
| വിദേശത്തേക്ക് | U.S.$ 250 |


***Chief Editor*** : **Evg. P. I. Abraham**
***Publisher :*** **Pr. K. A. Oommen**
***General Co-ordinator :*** **Rev. C.C.Thomas**
***Manager :*** **Bro. T. Yohannan**



ലേഖനങ്ങൾ, വാർത്തകൾ, പുതിയ വരിക്കാരുടെ അഡ്രസ്സ്, അഡ്രസ്സ് മാറ്റം, വരിസംഖ്യ, സംഭാവന എന്നിവ അയയ്ക്കേണ്ട വിലാസം :

**മാനേജർ, സുവിശേഷ നാദം,**
**മുളക്കുഴ പി. ഒ. – 689 505, കേരളാ സ്റ്റേറ്റ്**


**ലേഖനങ്ങളിലെ ആശയങ്ങൾക്കുള്ള ഉത്തരവാദിത്വം ലേഖന കർത്താക്കൾക്കു മാത്രമുള്ളതാണ്.**

# വിശ്വാസികൾ പുനരുത്ഥാന ദർശനമുള്ളവരായിരിക്കണം



കൊലോസ്യർ 3:1 മുതലുള്ള വേദഭാഗത്തിൽ യേശുക്രിസ്തുവിന്റെ പുനരുത്ഥാനം സംബന്ധിച്ചും ഒരു ക്രിസ്തുവിശ്വാസിയുടെ പുനരുത്ഥാനം സംബന്ധിച്ചും പൗലോസ് പ്രതിപാദിക്കുന്നു. വിശ്വാസസ്നാനം വിശ്വാസിക്ക് ലഭിക്കുന്ന പുനരുത്ഥാനത്തിന്റെ നിഴലാകുന്നു എന്ന് പ്രസ്തുത തിരുവെഴുത്തിൽകൂടെ നമുക്ക് മനസ്സിലാക്കാം. റോമാലേഖനം 6-ാം അദ്ധ്യായത്തിൽ അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് ഏകീഭവിച്ചു എങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും എന്ന് പൗലോസ് വ്യക്തമാക്കുന്നു. മരണത്തിന്റെ സാദൃശ്യം എന്ന് ഇവിടെ പറയുന്നത് വിശ്വാസ സ്നാനം സംബന്ധിച്ചാണ്. വെള്ളത്തിൽ മുങ്ങി വെള്ളത്തിൽനിന്ന് പൊങ്ങുന്നത് അടക്ക പുനരുത്ഥാനത്തിന്റെ സാദൃശ്യമാണ്. ഇതിൽനിന്നും യേശുക്രിസ്തുവിന്റെ മരണ അടക്ക പുനരുത്ഥാനത്തോട് സ്നാനത്താൽ ഏകീഭവിക്കാത്തവർ കർത്താവിന്റെ രണ്ടാംവരവിൽ പോകുകയില്ല എന്ന് വ്യക്തമാകുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ വിശ്വാസസ്നാനം വെള്ളത്തിൽ മുങ്ങി ഏല്ക്കാത്ത ആരുംതന്നെ കർത്താവിന്റെ വരവിൽ പോകുകയില്ല. ഒരു വിശ്വാസി ഉയർത്തെഴുന്നേല്ക്കും എന്നുള്ളതിന്റെ ഏറ്റവും വലിയ ഉറപ്പ് യേശുക്രിസ്തു പുനരുത്ഥാനം ചെയ്തു എന്നുള്ളതാണ്. അവനിൽ വിശ്വസിക്കുന്ന സകല ഭക്തന്മാർക്കും യേശുക്രിസ്തുമൂലം ഒരു പുനരുത്ഥാനം ഉണ്ട്. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻപ്രകാരം മൂന്നാംനാൾ ഉയർത്തെഴുന്നേറ്റു... (1കൊരി.15:3). യേശുക്രിസ്തുവിന്റെ ഉയർപ്പ് വളരെ വ്യക്തമായി പരാമർശിക്കുന്നത് വിശുദ്ധ പൗലോസാണ്. കൊരിന്ത്യ ലേഖനത്തിൽ (1 കൊരി.15) ഒരു അദ്ധ്യായം തന്നെ അതിനായി പൗലോസ് മാറ്റിവയ്ക്കുന്നു. പൗലോസിന്റെ വേദശാസ്ത്ര ചിന്തയിൽ യേശുവിന്റെ മരണത്തിനും ഉയിർത്തെഴുന്നേല്പിനും തമ്മിൽ അഭേദ്യമായ ബന്ധം കല്പിച്ചിട്ടുണ്ട്. 'നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിനു ഏല്പിച്ചും നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിച്ചുമിരിക്കുന്ന നമ്മുടെ കർത്താവായ യേശു' ഇങ്ങനെയാണ് റോമർ 4:25ൽ പൗലോസ് പറയുന്നത്. യേശുവിന്റെ മരണവും ഉയിർത്തെഴുന്നേല്പ്പും തമ്മിലുള്ള ബന്ധത്തിന്റെ പശ്ചാത്തലത്തിലാണ് പൗലോസ് ഉയിർത്തെഴുന്നേല്പിന്റെ ദൈവശാസ്ത്രപരമായ കാര്യങ്ങൾ 1കൊരിന്ത്യർ 15-ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. കൊരിന്ത്യ സഭയിൽ ചിലർ മരിച്ചവരുടെ പുനരുത്ഥാനത്തെ നിഷേധിച്ചിരുന്നു (1കൊരി.15:12). അപ്പോൾതന്നെ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ്പ് നിഷേധിച്ചിരുന്നില്ല (1 കൊരി.15:13,16). അവർക്ക് ആ വിഷയത്തിൽ ദൈവശാസ്ത്രപരമായ വീക്ഷണമില്ലായിരുന്നു എന്നുള്ളതാണ് സത്യം (1കൊരി.15:20). യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിന്റെ പൊരുൾ 1 കൊരിന്ത്യർ 15-ാം അദ്ധ്യായത്തിൽ പൗലോസ് വ്യാഖ്യാനിക്കുന്നതിൽകൂടി പൗലോസ് തന്റെ ദൈവശാസ്ത്രപരമായ കടമ നിർവ്വഹിക്കുകയായിരുന്നു. പുനരുത്ഥാനം സംബന്ധിച്ച് പുതിയനിയമ പണ്ഡിതന്മാരുടെ ഇടയിൽപോലും അന്നും ഇന്നും ഭിന്നാഭിപ്രായങ്ങൾ ഉണ്ട്. പൗലോസിന്റെ വാദമുഖങ്ങൾ സൂഷ്മമായി പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാണ്. യേശുവിന്റെ ഉയിർത്തെഴുന്നേല്പിന്റെ ചരിത്രപരമായ വാദം ഉറപ്പിക്കുന്നതിനല്ല പിന്നെയോ, യേശുവിന്റെ ഉയിർത്തെഴുന്നേല്പ്പും വിശ്വാസികളുടെ പുനരുത്ഥാനവും തമ്മിലുള്ള ബന്ധം തറപ്പിച്ചും ഉറപ്പിച്ചും പ്രഖ്യാപിക്കുന്നതിനാണ് പൗലോസ് മുൻതൂക്കം കൊടുത്തത്. ഉയിർത്തെഴുന്നേല്പ്പ് പാരമ്പര്യത്തിന്റെ കാതലായ ഭാഗമാണ് (1കൊരി.15:3-5). ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻപ്രകാരം മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു കേഫാവിനും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതു തന്നെ നിങ്ങൾക്ക് ആദ്യമായി ഏല്പിച്ചുതന്നുവല്ലോ. ഇവിടെ 'ഏല്പിച്ചു തന്നു'

എന്ന പദത്തിനു വലിയ അർത്ഥവ്യാപ്തിയുണ്ട്. യേശുവിന്റെ മരണം, അടക്കം, മൂന്നാം ദിവസത്തെ ഉയിർത്തെഴുന്നേല്പ്പ്, തിരുവെഴുത്തുകളുടെ നിവർത്തി, പ്രത്യക്ഷത ഈ ഘടകങ്ങൾ എല്ലാം അന്നും ഇന്നും സുവിശേഷ സത്യങ്ങളായി നിലകൊള്ളുന്നു.

**1. മരണം :-** പൗലോസിന്റെ ദൈവശാസ്ത്ര ചിന്തയിലും ആദിമ സഭയുടെ പ്രഖ്യാപനത്തിലും യേശുവിന്റെ മരണവും സുവിശേഷ പ്രവർത്തനവും തമ്മിൽ ബന്ധമുണ്ട്. ക്രിസ്തു പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു എന്ന ആശയം ഒരു വിശ്വാസ പ്രഖ്യാപനമാണ് (ലൂക്കോ.20:37; അപ്പോ.8:30-35; 1പത്രോ.2:22-25).

**2. അടക്കം :-** ക്രൂശിക്കപ്പെട്ട യേശുവിന്റെ ശവസംസ്ക്കാരം പാരമ്പര്യത്തിലെ ഒരു പ്രധാന ഘടകമാണ്. ഈ പരാമർശം ഒഴിഞ്ഞ കല്ലറയെ കുറിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിൽ 'ഒഴിഞ്ഞ കല്ലറയ്ക്കുള്ള' സ്ഥാനം പൗലോസ് അംഗീകരിക്കുന്നു. 'അടക്കപ്പെട്ടു' എന്ന വാക്കുകൊണ്ട് കൊരിന്ത്യയിലെ ചിലരുടെ സംശയങ്ങൾക്ക് പൗലോസ് ഉത്തരം നല്കുകയാണ്. അവിടെ ചിലർ ആത്മാവിന്റെ അമർത്യത പഠിപ്പിച്ചപ്പോൾ ക്രിസ്തുവിന്റെ ശാരീരികമായ ഉയിർത്തെഴുന്നേല്പ്പ് നിഷേധിക്കുവാൻ തയ്യാറായി കാണും എന്ന് കരുതാം. യേശു യഥാർത്ഥമായി മരിച്ചു എന്നും യഥാവിധി അവനെ സംസ്ക്കരിച്ചു എന്നും സുവിശേഷങ്ങളിൽ വ്യക്തമായി കാണാം. ഈ സത്യത്തെ ആർക്കും നിഷേധിക്കുവാൻ കഴിയുന്നതല്ല. മരിച്ചടക്കപ്പെട്ട യേശുവിനെയാണ് ദൈവം മരിച്ചവരിൽ നിന്നും ആദ്യജാതനായി ഉയർപ്പിച്ചത്. ഈ സംഭവം പൗലോസിന്റെ ദൈവശാസ്ത്ര ചിന്തയ്ക്ക് വ്യക്തമായ രൂപം നല്കി (1കൊരി.15:22-28).

**3. മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു :-** 'ഉയിർത്തെഴുന്നേറ്റു' എന്ന ആശയം കുറിക്കുന്ന മൂലഭാഷയിലെ അർത്ഥവ്യാപ്തി പരിഗണിക്കുമ്പോൾ 'The Permanent efficacy of Christ's ressurection' എന്ന ആശയം ഇതിൽ അന്തർലീനമായിരിക്കുന്നു. ദൈവം ക്രിസ്തുവിനെ ഉയർപ്പിച്ചു എന്ന പ്രഖ്യാപനം ആദിമ സഭയുടെ വിശ്വാസത്തിന്റെ ജീവനാഡിയായിരുന്നു. തിരുവെഴുത്തുകളിൻപ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു എന്ന് പറയുമ്പോൾ തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു എന്ന ചിന്തയും നമ്മിൽ ഉണ്ടാകണം. യെശയ്യാ പ്രവചനം 53-ാം അദ്ധ്യായത്തിന്റെ വെളിച്ചത്തിൽ ആദിമ സഭ ഈ ആശയം മനസ്സിലാക്കിയിരുന്നു. ഉയിർത്തെഴുന്നേല്പ്പിന്റെ പശ്ചാത്തലമായി പഴയനിയമത്തിൽ യോന 1:17; പുറപ്പാട് 19:10 ഈ വേദഭാഗങ്ങൾ ചിന്തിക്കാം. ഹോശെയാ 6:2 ഈ വിഷയത്തിൽ ശ്രദ്ധേയമായ ഒരു വേദഭാഗമാണ്. ഈ വേദഭാഗവും ക്രിസ്തുവിന്റെ ഉയിർപ്പിനോടു ബന്ധപ്പെട്ടതാണ്.

**4. പ്രത്യക്ഷത :-** പത്രോസിനും പന്ത്രണ്ട് ശിഷ്യന്മാർക്കും സ്ത്രീകൾക്കും യേശു പ്രത്യക്ഷപ്പെട്ട വിവരം സുവിശേഷങ്ങളിൽ കാണാം. കൂടാതെ അഞ്ഞൂറിലധികം സഹോദരന്മാർക്ക് ഒരുമിച്ച് പ്രത്യക്ഷപ്പെട്ട വിവരവും (1കൊരി.15:6) പുതിയ നിയമത്തിൽ മറ്റ് യാതൊരു ഭാഗത്തും കാണുന്നില്ല. ഉയിർത്തെഴുന്നേല്പ്പ് സംബന്ധിച്ച പാരമ്പര്യത്തിന്റെ ദൈവശാസ്ത്രപരമായ ഒരു വ്യാഖ്യാനമാണ് 1 കൊരിന്ത്യർ 15ലെ വാക്യഭാഗങ്ങൾ അധികവും. ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു 17-ാം വാക്യത്തിലൂടെ പൗലോസ് വ്യക്തമാക്കുന്നു. ക്രിസ്തു ഉയിർത്തിട്ടില്ലാ എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രെ. നിങ്ങൾ ഇന്നും പാപങ്ങളിൽ ഇരിക്കുന്നു. ക്രിസ്തീയ ജീവിതത്തിന്റെ ലാക്കും ലോക ചരിത്രത്തിന്റെ ഗതിയും തമ്മിൽ ബന്ധിക്കപ്പെടുന്ന ഏക ഘടകമാണ് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ്പ്. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും (1കൊരി.15:22).

ക്രിസ്തുവിന്റെ ഉയർപ്പ് സംബന്ധമായി മുകളിൽ പറയുന്ന വേദശാസ്ത്രം മനസ്സിലാക്കിയിട്ടുള്ള ഒരു ക്രിസ്തു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവന്റെ യഥാർത്ഥ ലക്ഷ്യം രോഗസൗഖ്യമല്ല, പ്രശ്നപരിഹാരമല്ല, നല്ല ശവമടക്കമല്ല, നല്ല കല്യാണമല്ല, വലിയവരുമായുള്ള ബന്ധമല്ല. അവന്റെ ല ക്ഷ്യം യേശുക്രിസ്തുവിന്റെ മണവാട്ടി പദവിയാണ്. ആ ലക്ഷ്യം തെറ്റിയാണ് അനേകർ ഇന്ന് പെന്തെക്കോസ്തു ഗോളത്തിൽ മുൻപോട്ടു പോകുന്നത്. പുനരുത്ഥാന ദർശനത്തിന്റെ കാഴ്ചപ്പാടിലേക്ക് ദൈവസഭാമക്കൾ മടങ്ങി വരണം. അത്ഭുതമെന്നും വിടുതൽ എന്നും സൗഖ്യം എന്നും ഒക്കെ പറഞ്ഞ് അനേകരെ പുനരുത്ഥാന ലക്ഷ്യത്തിൽനിന്നും ഇന്ന് പിശാച് തെറ്റിച്ചുകൊണ്ടിരിക്കുകയാണ്. ഇറങ്ങി തിരിച്ചപ്പോഴുള്ള കാഴ്ചപ്പാടിലല്ല അനേകരും ഇന്ന് മുന്നോട്ടു പോകുന്നത്. ഒരു ക്രിസ്തു വിശ്വാസിയുടെ ഏറ്റവും വലിയ പ്രത്യാശ ശവക്കുഴികൊണ്ട് അവസാനിക്കുന്ന ഏതെങ്കിലും നേട്ടമല്ല.

➡

അതിനപ്പുറത്ത് ശ്രേഷ്ഠമായ ഒരു നിത്യതയാണ്. അതാണ് യേശു മത്തായി 13-ാം അദ്ധ്യായത്തിൽ പറഞ്ഞ വയലിൽ ഒളിപ്പിച്ചു വച്ച നിധി. അത് ഏത് നിലയിലും കരസ്ഥമാക്കുവാൻ നമുക്ക് തയ്യാറാകാം.

ഈ കാലഘട്ടത്തിൽ പരമാർത്ഥികളായ ദൈവമക്കളെ തെറ്റിച്ചുകൊണ്ടിരിക്കുന്ന പഠിപ്പിക്കലാണ് പ്രോസ്പിരിറ്റി തിയോളജി. അതായത് അനുഗ്രഹത്തിന്റെയും വിടുതലിന്റെയും ഉയർച്ചയുടെയും ദൂതുകൾ പറഞ്ഞ് ജനത്തെ വശീകരിച്ച് സ്വന്തമാക്കുന്ന പ്രവണത. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്ക; അതോടുകൂടി ഭൗതീക നന്മകൾക്കും ദൈവമക്കൾ അവകാശികളാണ്. ആയത് വേദശാസ്ത്രം നിഷേധിക്കുന്നില്ല. എന്നാൽ ഭൗതീക നന്മകൾ മാത്രം എന്നു പറയുന്ന പഠിപ്പിക്കലിനെ ദൈവസഭ ശക്തമായി എതിർക്കുന്നു. ക്രിസ്തുവിൽ വിടുതലുണ്ട്, രോഗസൗഖ്യം ഉണ്ട്, അനുഗ്രഹം ഉണ്ട്. എന്നാൽ ഇതെല്ലാം ശവക്കുഴികൊണ്ട് അവസാനിക്കുന്നതാണ്. അതിനപ്പുറം അവസാനിക്കാത്ത ഒരു നിത്യതയെക്കുറിച്ച് ദൈവമക്കൾ ദർശനമുള്ളവരായിരിക്കണം. അതിനുവേണ്ടിയാണ് ആയിരുന്ന പശ്ചാത്തലം വിട്ട് ദൈവകൃപയിലേക്ക് നമ്മൾ എല്ലാവരും ദർശനം പ്രാപിച്ച് ഇറങ്ങിയത്. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളെയും ഇരുത്തേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളുമെന്നുള്ള യേശുക്രിസ്തുവിന്റെ വാഗ്ദത്തമാണ് ദൈവമക്കളുടെ ഏറ്റവും വലിയ പ്രത്യാശ. ആ പ്രത്യാശയ്ക്ക് ഭംഗം വരാതിരിക്കുവാൻ ഏവരും ശ്രദ്ധിക്കുക. കർത്താവ് ഏവരെയും അനുഗ്രഹിക്കട്ടെ.

*പാസ്റ്റർ എം. കുഞ്ഞപ്പി, സ്റ്റേറ്റ് ഓവർസീയർ*

# ശുശ്രൂഷകന്മാരുടെ സ്ഥലം മാറ്റം
# ശുശ്രൂഷകന്മാരും സഭകളും ശ്രദ്ധിക്കുക

കർത്തൃശുശ്രൂഷകന്മാരുടെ സ്ഥലംമാറ്റം ആവശ്യമുള്ള സഭകളും ശുശ്രൂഷകന്മാരും മാർച്ച് 15നു മുമ്പായി നിശ്ചിത ഫാറത്തിൽ അപേക്ഷ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത ഫാറത്തിലല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷാ ഫാറത്തിനായി സ്റ്റേറ്റ് ഓഫീസുമായും സോണൽ ഓഫീസുകളുമായും ബന്ധപ്പെടുക. **ഏപ്രിൽ മാസം 15നു മുമ്പായി സ്ഥലംമാറ്റ ഉത്തരവ് ഏവർക്കും തപാലിൽകൂടി ലഭിക്കുന്നതാണ്.** ദൈവദാസന്മാരെ അനുസരിക്കുന്നതിലും വിധേയപ്പെട്ട് സന്തോഷത്തോടും ഐക്യതയോടും മുന്നോട്ടു പോകുന്നതിലും സഭാ മക്കൾ ശ്രദ്ധിക്കേണ്ടതാണ്. പിശാചിന് ആരും ഇടം കൊടുക്കരുത്. സഭയുടെ ശുശ്രൂഷകൻ അറിയാതെ വിവാഹ നിശ്ചയങ്ങൾ നടത്തുക, സ്ഥലം സഭാശുശ്രൂഷകന് നല്കേണ്ട ശുശ്രൂഷയുടെ അവസരങ്ങൾ ഒരു അർഹതയും ഇല്ലാത്ത മറ്റുള്ളവർക്ക് നല്കുക, സഭാ ശുശ്രൂഷകനെ അവഗണിക്കുക തുടങ്ങിയ പ്രവണതകൾ അനുവദനീയമല്ല. സഭ സഹകരിച്ച് നടത്തി തരേണ്ട ശുശ്രൂഷകളുടെ തീയതികൾ തീരുമാനിക്കുന്നതിലും ആരെയൊക്കെ ക്ഷണിക്കണം എന്നതും ശുശ്രൂഷ ആരു ചെയ്യണം എന്നതും സഭാ ശുശ്രൂഷകനുമായും സഭയുടെ സെക്രട്ടറിയുമായും ആലോചിച്ച് ധാരണ എത്തിയിട്ട് വേണം തീയതികൾ തീരുമാനിച്ച് പരസ്യം ചെയ്യുവാൻ. എല്ലാം ചന്തവും ക്രമവുമായി നടക്കുവാൻ ഏവരും കൂട്ടായി ഒത്തുചേർന്ന് സഹകരിച്ച് തീരുമാനങ്ങൾ എടുക്കുവാൻ ശ്രദ്ധിക്കണം. അത് കുടുംബങ്ങൾക്ക് അനുഗ്രഹമായിരിക്കും. യോഗ്യമല്ലാത്തതും നീതിയല്ലാത്തതുമായ കാര്യങ്ങളാണ് ശുശ്രൂഷകനെ മാറ്റിത്തരണമെന്നുള്ള കാരണമായി സഭയോ വ്യക്തികളോ ഉന്നയിക്കുന്നതെങ്കിൽ അതിന്റെ പേരിൽ ശുശ്രൂഷകനെ സ്ഥലം മാറ്റുന്നതല്ല. അപ്പോൾ തന്നെ ന്യായമായ കാരണങ്ങൾ പരിഗണിക്കുന്നതാണ്.

സ്ഥലംമാറ്റം ലഭിച്ചിട്ട് ഒരു വർഷം മാത്രം ആയവർ അപേക്ഷ നല്കാതിരിക്കുവാൻ ശ്രദ്ധിക്കുക. 5 വർഷത്തിൽ കൂടുതൽ ഒരു സഭയിൽ സഭാശുശ്രൂഷയിൽ ഇരിക്കുന്ന ദൈവദാസന്മാർ സഭയുടെ താല്പര്യം ആരാഞ്ഞ് മാറേണ്ട സാഹചര്യം ഉണ്ടെങ്കിൽ സ്ഥലം മാറ്റത്തിനായി അപേക്ഷിക്കേണ്ടതാണ്. 5 വർഷം ആയിട്ടില്ലെങ്കിൽപോലും സഭാ വിശ്വാസികളും ശുശ്രൂഷകനും തമ്മിൽ യോജിക്കാത്ത സാഹചര്യങ്ങൾ സഭയിൽ ഉണ്ടെങ്കിൽ വിഘടിപ്പുണ്ടാകാതിരിക്കുവാൻ അങ്ങനെയുള്ളവർ അപേക്ഷ ➡

നല്കി മാറിക്കൊടുക്കുവാൻ താല്പര്യം കാണിക്കുമല്ലോ. ഓഫീസിൽ ലഭിക്കുന്ന വിവരങ്ങൾ അനുസരിച്ച് ഏതെങ്കിലും ശുശ്രൂഷകനെ മാറ്റണമെന്ന് സ്റ്റേറ്റ് ഓവർസീയർക്കും സ്റ്റേറ്റ് കൗൺസിലിനും ബോദ്ധ്യപ്പെട്ടാൽ അപേക്ഷ സമർപ്പിച്ചില്ലായെങ്കിലും സ്ഥലം മാറ്റം നല്കുന്നതാണ്. പ്രസ്തുത തീരുമാനം സഭയുടെ നിലനില്പ്പിനെ കരുതി മാത്രമായിരിക്കും. സ്ഥലം മാറ്റത്തിന് അപേക്ഷിക്കുന്നവർ തങ്ങൾ പ്രതീക്ഷിക്കുന്ന സഭകൾ ലഭിച്ചില്ല എങ്കിൽപ്പോലും അപേക്ഷ നല്കിയവർ ട്രാൻസ്ഫർ ഓർഡർ കൈപ്പറ്റി അനുസരിക്കേണ്ടതാണ്. സ്ഥലം സഭാ വിശ്വാസികളെ ഒരുപോലെ സ്നേഹിച്ച് പരിപാലിച്ച് ശുശ്രൂഷ ചെയ്യുവാൻ എല്ലാ കർത്തൃശുശ്രൂഷകന്മാരും ശ്രദ്ധിക്കേണ്ടതാണ്. ഒരു വിശ്വാസിയും ദൈവസഭ വിട്ടുപോകുവാൻ പാടില്ല.

കൺവൻഷന്റെ വരവു ചെലവു കണക്കും മറ്റും ചേർത്തുള്ള വിശദമായ വിവരങ്ങൾ അടങ്ങിയ ന്യൂസ് ലെറ്റർ എല്ലാ സഭകൾക്കും ഉത്തരവാദിത്വപ്പെട്ടവർക്കും പോസ്റ്റ് ചെയ്തിട്ടുണ്ട്. ലഭിക്കാത്തവർ എത്രയും വേഗം ഓഫീസുമായി ബന്ധപ്പെടുക.

# ഓഫീസ് കോംപ്ലക്സ്

ദൈവമക്കൾ ഏവരും അറിഞ്ഞിരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ദൈവസഭയുടെ കേരളാ സ്റ്റേറ്റ് ഓഫീസ് ബിൽഡിംഗ് പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഗ്രൗണ്ട് ഫ്ളോറിന്റെ ഫിനിഷിംഗ് വർക്ക് നടക്കുന്നു. ഓഫീസ് മുറികൾ സ്പോൺസർ ചെയ്തവരും വാഗ്ദാനം മറ്റു നിലയിൽ ചെയ്തിട്ടുള്ളവരും എത്രയും വേഗം പ്രസ്തുത തുകകൾ ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ എന്ന പേരിൽ ഡ്രാഫ്റ്റോ ചെക്കോ എടുത്ത് അയച്ചുതന്ന് സഹകരിക്കുമല്ലോ. ഈ കാര്യത്തിൽ ഇതുവരെയും ഒന്നും ചെയ്യുവാൻ കഴിയാതെ പോയിട്ടുള്ളവർ ഈ നല്ല അവസരം പ്രയോജനപ്പെടുത്തി നിങ്ങൾക്കും കുടുംബത്തിനും അനുഗ്രഹം ഉണ്ടാകും എന്ന് വിശ്വസിച്ച് നൂറിൽപ്പരം വർഷം പഴക്കം ഉള്ള നമ്മുടെ പിതാക്കന്മാർ ത്യാഗം സഹിച്ച് വളർത്തിയെടുത്ത പ്രസ്ഥാനത്തിന് മനോഹരമായ ഒരു ഓഫീസ് സംവിധാനം സഭയുടെ സ്ഥാപക മിഷനറിയായ റോബർട്ട് എഫ്. കുക്ക് അവർകൾ വാങ്ങിച്ച സ്ഥലത്തുതന്നെ പണിത് കാണുന്നതിൽ എല്ലാവർക്കും അഭിമാനമുണ്ടായിരിക്കട്ടെ. ഇത് ഏതെങ്കിലും ഒരു വ്യക്തിക്കുവേണ്ടിയുള്ള സ്വകാര്യ ബിൽഡിംഗ് അല്ല. ചർച്ച് ഓഫ് ഗോഡ് എന്ന വലിയ പ്രസ്ഥാനത്തിനുവേണ്ടിയുള്ള ഒരു മഹത് സംവിധാനമാണ്. അതിൽ ഇന്ന് ജീവിച്ചിരിക്കുന്നവരും വരും തലമുറയും അഭിമാനംകൊള്ളും എന്നുള്ളതിൽ രണ്ടുപക്ഷമില്ല. 50 വർഷത്തെ ദൈവസഭയുടെ വളർച്ച മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു കാൽവയ്പ്പാണിത്. അനേകം സ്വതന്ത്രസഭകൾ ദൈവസഭയുടെ ഭരണ ഘടന അംഗീകരിച്ച് ചേർന്നു വരുന്ന സമയമാണിത്. മിഷൻ സ്റ്റേഷനുകൾ ഏറ്റവും കൂടുതൽ ആരംഭിച്ച വർഷമാണ് കഴിഞ്ഞുപോയത്. പ്രാപ്തന്മാരായ അനേക ദൈവദാസന്മാർ ദൈവസഭയിലേക്ക് ചേർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഈ വിശാലതകൾ ദൈവമക്കൾ ഉൾക്കൊണ്ട് മിഷൻഫീൽഡിലേക്കും മറ്റു ഭൗതീക കെട്ടുപണികളിലേക്കും ശ്രദ്ധ കേന്ദ്രീകരിച്ച് പ്രാർത്ഥനയും സഹകരണവും സഹായവും നല്കുവാൻ ദൈവസ്നേഹത്തിൽ അറിയിക്കുന്നു.

***കൂടുതൽ വിവരങ്ങൾക്ക് :*** **സ്റ്റേറ്റ് ഓവർസീയർ, ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ, മൗണ്ട് സയോൺ, മുളക്കുഴ പി.ഒ., ചെങ്ങന്നൂർ – 689505. ഫോൺ : 0479–2469981, 2469258, 9447132838, 9447378190. ഈ–മെയിൽ : cogkeralastate@hotmail.com**

***88–ാമത് ദൈവസഭാ ജനറൽ കൺവൻഷന്റെ വരവു ചിലവു കണക്ക്, ശുശ്രൂഷകന്മാരുടെ സ്ഥലംമാറ്റം ഉൾപ്പെടെ ദൈവസഭയുടെ വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള 19–ാമത് ന്യൂസ്ലെറ്റർ ഏതെങ്കിലും കാരണവശാൽ കിട്ടിയിട്ടില്ലാത്ത കർത്തൃദാസന്മാർ/സഭകൾ എത്രയും വേഗം സ്റ്റേറ്റ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.***

# ക്രിസ്തുവിൽനിന്ന് അകലുന്ന ക്രിസ്ത്യാനികൾ

ഇവാ. പി. ഐ. എബ്രഹാം, കാനം

**വിശുദ്ധ വേദപുസ്തകം** പഠിച്ചാൽ മൊത്തത്തിൽ ദൈവവചനം എന്നാണല്ലോ അതിന്റെ പേര്. വചിക്കുന്നതാണ് വചനം. എബ്രായർ 1:1 ൽ നാം ഇങ്ങനെ വായിക്കുന്നു. ദൈവം പണ്ട് ഭാഗംഭാഗമായും വിവിധമായും പ്രവാചകന്മാർ മുഖാന്തിരം പിതാക്കന്മാരോട് സംസാരിച്ചിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തിരം അരുളിചെയ്തു എന്ന്. വലിയ മർമ്മങ്ങൾ അടങ്ങുന്ന വാക്യങ്ങൾ ആണിത്. എക്കാലത്തും ദൈവം ആണ് സംസാരിച്ചു കൊണ്ടിരിക്കുന്നത്. മനുഷ്യരെ പ്രവാചകന്മാരാക്കി സംസാരിച്ചിട്ട് ഒടുവിൽ ദൈവംതന്നെ തന്റെ പുത്രനിലൂടെ സംസാരിക്കുകയാണ് അവിടെ ദൈവത്തിന്റെ അരുളപ്പാടുകൾ അവസാനിക്കുന്നു. പുത്രനുശേഷം പിന്നെ ദൈവദൂത് നല്കുവാൻ മറ്റാരും വരുന്നില്ല. പരിശുദ്ധാത്മാവിനെ അയയ്ക്കുന്ന വിവരം യേശു പറയുമ്പോഴും താൻ പറഞ്ഞതിൽ നിന്ന് കൂടുതലായിട്ടോ, വ്യത്യസ്തമായിട്ടോ, എന്തെങ്കിലും പറയുവാൻ പരിശുദ്ധാത്മാവ് വരും എന്നു പറഞ്ഞില്ല, മറിച്ച് ഇങ്ങനെയാണ് പറഞ്ഞത്; അവൻ സ്വന്തത്തിൽനിന്ന് ഒന്നും പറയാതെ ഞാൻ പറഞ്ഞത് നിങ്ങൾക്ക് ഓർമ്മപ്പെടുത്തുകയും വ്യാഖ്യാനിച്ച് തരികയും ചെയ്യും. ക്രിസ്തുവിൽ ദൈവശബ്ദം പൂർത്തിയായിരിക്കുന്നു. മത്താ. 1:17ൽ വിശ്വാസയാത്രയുടെ പടികൾ കുറിക്കുമ്പോൾ അബ്രഹാം മുതൽ ദാവീദ് വരെയും ദാവീദ് മുതൽ ബാബേൽപ്രവാസം വരെയും, ബാബേൽ പ്രവാസം മുതൽ ക്രിസ്തുവരെയും, എന്നിങ്ങനെയാണ് കാണുന്നത്. ആ യാത്ര ക്രിസ്തുവിൽ അവസാനിക്കുന്നു. ഈ ദർശനം പ്രാപിക്കാത്തവർ ക്രിസ്തുവിനെയും കടന്നുപോകുന്നു. മോശെ ചൂണ്ടിക്കാണിച്ച അതുല്യനായ പ്രവാചകൻ സ്നാപക യോഹന്നാനാണെന്ന് ജനം തെറ്റിദ്ധരിച്ചു. അത് നീയാണോ എന്ന ചോദ്യത്തിന് മറനീക്കി ഒരു മറുപടി അത് ഞാനല്ല എന്നു സ്നാപകൻ നല്കി. കൂടാതെ നടന്നുവരുന്ന യേശുവിനെ വ്യക്തമായി സൂചിപ്പിച്ചുകൊണ്ട് ലോകത്തിന്റെ ഏക പാപപരിഹാര യാഗം അവനാണെന്ന് പ്രസ്താവിക്കുകയും ചെയ്തു. ആകാംക്ഷപൂണ്ട ജനം ആ ചോദ്യം യേശുവിനോടും ആവർത്തിച്ചു. അതേ, ഞാൻ



തന്നെ എന്നായിരുന്നു മറുപടി. മനുഷ്യലോകത്തിന്റെ ഈ അന്വേഷണം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. യവനന്മാർ (മൊത്തം ജാതികൾ) ജ്ഞാനം അന്വേഷിക്കുന്നു. അതിന്റെ തെളിവാണ് ചില വിദ്വാന്മാർ ജനിച്ച യേശുവിനെ തേടിയെത്തിയത്. എത്യോപ്യനായ ധനകാര്യമന്ത്രി അതിനൊരു തെളിവായിരുന്നു. നിഷ്പക്ഷമായി സത്യം തേടുന്നവർക്ക് ദൈവം അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ മറുപടി നൽകാറുണ്ട്. യഹൂദന്മാരായ ആട്ടിടയന്മാർക്ക് അവർ വിദ്യാവിഹീനരാകയാൽ ലളിതഭാഷയിലാണ് ദൂതന്മാർ യേശുവിന്റെ ജനനവാർത്ത അറിയിച്ചത്. ലക്ഷണങ്ങൾകൊണ്ട് ലക്ഷ്യം കണ്ടെത്താൻ കഴിവുള്ള വിദ്വാന്മാർക്ക് ഒരു നക്ഷത്രം ആണ് കാണിച്ചുകൊടുത്തത്. ഭാഗംഭാഗമായും വിവിധമായും തന്റെ പുത്രനെക്കുറിച്ചുള്ള വെളിപ്പാട് ഇങ്ങനെ ദൈവം നല്കികൊണ്ടിരിക്കുന്നു.

വെളിപ്പാടിനെപ്പറ്റി പറയുമ്പോൾ ഒരു മറുവശം ചൂണ്ടിക്കാണിക്കുവാനുണ്ട്. നല്ല മനസ്സാക്ഷി വിടാതെ നാം ജീവിച്ചാൽ ഇരുട്ടിലിരിക്കുന്ന ജനം വലിയൊരു പ്രകാശം കണ്ടപോലെ, നേരുള്ളവർക്ക് ഇരുട്ടിൽ വെളിച്ചം ഉദിക്കുന്നു എന്ന വചനപ്രകാരം, ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും എന്ന പ്രമാണം അനുസരിച്ച്, നേരുള്ളവർ അവന്റെ മുഖം

➡

കുർബാനയും, കുമ്പസാരവും, ജപമാലയും, വചനഘോഷണവും അഗ്നി അഭിഷേകവും ഒന്നിച്ച് കുഴച്ച് സാത്താനു നൃത്തം ചെയ്യുവാൻ നമ്മളായി ഒരുക്കി കൊടുക്കരുത്. നമ്മൾ പറയുന്നത് കർത്താവിന്റെ വചനങ്ങൾ ആയിരിക്കണം. തന്റെ സ്നേഹം, കരുണ, സൗമ്യത, സത്യസന്ധത, ഇതൊക്കെ നമ്മുടെ സ്വഭാവമായി മാറണം.

കാണും എന്ന തത്വം അനുസരിച്ച് ആർക്കും ദൈവപ്രത്യക്ഷത പ്രാപിക്കാവുന്നതാണ്. അഥേന പ്രസംഗത്തിൽ അവൻ (ദൈവം) നമ്മിൽ ആർക്കും അകന്നിരിക്കുന്നവനല്ല എന്നു പറഞ്ഞതിന്റെ സാരവും ഇതുതന്നെ. എന്റെ ഭാഷയിൽ പറഞ്ഞാൽ ദൈവപ്രമാണം പ്രാപിക്കുവാൻ കൊണ്ടു പോകുന്ന കൽപലകയിൽ ഒരു അക്ഷരംപോലും നമ്മൾ എഴുതരുത്; മുഴുവൻ ദൈവമാണ് എഴുതേണ്ടത്. നമ്മുടെ ഹൃദയം ആകുന്ന പലകയിൽ നാം എന്തെങ്കിലും സങ്കൽപ്പിച്ചെഴുതിയാൽ ഉടനെ അത് മതമായി തീരുന്നു. റോമാലേഖനത്തിന്റെ തുടക്കത്തിൽ ജാതികൾ പരാജയപ്പെട്ട വിവരം പൗലോസ് കുറിക്കുമ്പോൾ അവർ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായി തീർന്നു എന്നാണ്. നിരൂപണം എന്നു പറഞ്ഞാൽ ദൈവത്തിന് നാം സങ്കല്പരൂപം വരയ്ക്കുന്നു എന്നാണ്. Imagination എന്ന പദത്തിന് നാം തന്നെ ഒരു Image (രൂപം) ഉണ്ടാക്കുന്നു എന്നാണ്. ഇവിടെയാണ് മതങ്ങൾ പരാജയപ്പെട്ടത്. അക്ഷയനായ, തേജോമയനായ ദൈവത്തെ നാല്കാലി, ഇഴജാതി എന്നിവയുടെ സാദൃശ്യത്തിൽ ചിത്രീകരിച്ചപ്പോൾ തന്നെ ജാതീയലോകം പിശാചിന്റെ പിടിയിലായി. ഇന്നും ഈ ബന്ധനത്തിൽ നിന്ന് മതങ്ങൾ മുക്തി പ്രാപിച്ചിട്ടില്ല. നമ്മൾ സത്യാന്വേഷികളാണെങ്കിൽ ദൈവത്തിന്റെ സമ്പൂർണ്ണവെളിപ്പാടായ ക്രിസ്തു നമുക്ക് വെളിപ്പെടാതെ വരില്ല. എന്നാൽ യഹൂദജാതിക്ക് പറ്റിയത് നമുക്ക് പറ്ററുത്. പ്രവാചകന്മാരുടെ വാക്കുകളും ക്രിസ്തുവിന്റെ സ്വന്തം വാക്കുകളും സത്യം ഗ്രഹിപ്പാൻ മതിയായതായി അവർക്ക് ലഭിച്ചെങ്കിലും അവർ അതി നെ മനപൂർവ്വം തള്ളി യഹൂദന്മാർ ഇന്നും മശിഹായെ കാത്തിരിക്കയാണ്. ലാസ്റ്റ് വണ്ടി പോയിട്ടും വണ്ടി കാത്തിരിക്കുന്നവരെ നാം കാണാറുണ്ടല്ലോ.

ദൈവത്തിന് പറയാനുള്ളതെല്ലാം ക്രിസ്തുന മ്മോടു പറഞ്ഞു. കൂടാതെ ഈ പാപലോകത്തിൽ ഒരു പാവന ജീവിതത്തിന്റെ മാതൃകയും അവൻ കാട്ടിത്തന്നു. ഉപദേശത്തിലും ജീവിതത്തിലും ക്രിസ്ത്യാനി ക്രിസ്തുവിന്റെ അതിർത്തിക്കുള്ളിൽ ആയിരിക്കേണം. പൗലോസ് ക്രിസ്തുവിനെ സ്വർഗ്ഗത്തെക്കാൾ ഉന്നതൻ എന്നാണ് വിവക്ഷിച്ചത്; മനുഷ്യരക്ഷ, ന്യായവിധി, സ്വർഗ്ഗനരകങ്ങളുടെ നിയമനം, നിത്യതയുടെ അധികാരം ഇതൊക്കെയും ക്രിസ്തുവിന് സ്വന്തമാണ്. അടുത്തസമയത്ത് സുവിശേഷ വിഹിതസഭയിലെ ഏറ്റവും പ്രായമുള്ള ബിഷപ്പ് ഒരു സിനിമാനടി മരിച്ചതിനെക്കുറിച്ച് മനോരമയിൽ എഴുതികണ്ടു; താൻ മരിച്ച് ചെല്ലുമ്പോൾ ആ സ്ത്രീ ആയിരിക്കും സ്വർഗ്ഗത്തിന്റെ പ്രതിനിധിയായിതന്നെ വന്ന് സ്വീകരിക്കുന്നതെന്ന്. ഒറ്റ മാർത്തോമ്മാക്കാരൻ പ്രതികരിച്ച് കണ്ടില്ല എന്തായാലും ഇവരുടെ സ്വർഗ്ഗം ക്രിസ്തുവിന്റെ സ്വർഗ്ഗം ആയിരിക്കയില്ല. അധികം ഞാൻ ആ വിഷയത്തിലേക്കു കടക്കുന്നില്ല.

വേർപെട്ട ജനത്തോട് എനിക്ക് ഒരു വാക്കുണ്ട്. ക്രിസ്തുവിന്റെ ഉപദേശം മാറ്ററുത്, മാറ്റിയാൽ കള്ളക്രിസ്തുക്കൾ നമ്മെ കീഴ്പ്പെടുത്തും. പരിശുദ്ധാത്മാവിന്റെ വഴിവിട്ട് മാററുത്; മാറിയാൽ വല്ല ആത്മാക്കളും നമ്മെ സ്വാധീനിക്കും. കോട്ടയത്തും മറ്റും നടക്കുന്നതുപോലെ കുർബാനയും, കുമ്പസാരവും, ജപമാലയും, വചനഘോഷണവും അഗ്നിഅഭിഷേകവും ഒന്നിച്ച് കുഴച്ച് സാത്താനു നൃത്തം ചെയ്യുവാൻ നമ്മളായി ഒരുക്കി കൊടുക്കരുത്. നമ്മൾ പറയുന്നത് കർത്താവിന്റെവചനങ്ങൾ ആയിരിക്കണം. തന്റെ സ്നേഹം, കരുണ, സൗമ്യത, സത്യസന്ധത, ഇതൊക്കെ നമ്മുടെ സ്വഭാവമായി മാറണം. പരിശുദ്ധനായ ക്രിസ്തുവിനെക്കുറിച്ച് വാതോരാതെ വർണ്ണിച്ചിട്ട് ഒടുവിൽ പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യനരകത്തിൽ കാലാവധിയില്ലാതെ നിലവിളിക്കാൻ വകഒരുക്കരുത്. തന്റെ വരവ് സമാഗതമായി. ചേർച്ചയില്ലാത്തതൊക്കെയും ദൂരത്തെറിയുവാൻ ഒരു തിടുക്കത്തിന്റെ ആത്മാവ് നമ്മെ ഭരിക്കട്ടെ. വരുന്നദിനങ്ങൾ വളരെ നിർണ്ണായക ദിനങ്ങളാണ്. ◆


## കൺവൻഷൻ DVD, CD ലഭ്യമാണ്

2011 ജനറൽ കൺവൻഷൻ പ്രസംഗത്തിന്റെ DVD, ഇവാ. മോഹൻ കാഞ്ഞിരമണ്ണിൽ, സിസ്റ്റർ സൂസൻ ജോൺ എന്നിവർ ആത്മനിറവിൽ രചിച്ച ഇമ്പകരമായ ഗാനങ്ങൾ അടങ്ങിയ CD, കൺവൻഷൻ പാട്ടുപുസ്തകം എന്നിവ ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

# ഇത് പരിശുദ്ധാത്മ പകർച്ചയുടെ നാളുകൾ!!

(കേരളാസ്റ്റേറ്റ് ദൈവസഭാ 88-ാമത് ജനറൽ കൺവൻഷനിൽ 21.02.2011 വെള്ളിയാഴ്ച രാത്രിയോഗത്തിൽ **World Mission Director Rev. DOUGLAS LE ROY** നടത്തിയ പ്രസംഗം. പരിഭാഷപ്പെടുത്തിയത് **Prof. Susheel Mathew** (USA).

സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പിയുടെ നേതൃത്വത്തിൽ കേരളാസ്റ്റേറ്റിലെ ദൈവസഭാപ്രവർത്തനങ്ങൾ വളരെ അനുഗ്രഹകരമായ നിലയിൽ മുന്നേറിക്കൊണ്ടിരിക്കുന്നു എന്നു കാണുവാൻ സാധിച്ചതിൽ അദ്ദേഹത്തെ അനുമോദിക്കുകയും സർവ്വശക്തനെ സ്തുതിക്കുകയും ചെയ്യുന്നു.

നിങ്ങളോടൊപ്പം ദൈവത്തെ ആരാധിക്കുവാനും യേശുക്രിസ്തുവിന്റെ നാമത്തെ ഉയർത്തുവാനും വീണ്ടും ഒരു അവസരം ലഭിച്ചതിലും ഇക്കഴിഞ്ഞ ദിനങ്ങളിൽ ഫീൽഡ് ഡയറക്ടർ റവ.കെൻ ആൻഡേഴ്സൺ, സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി, കൗൺസിൽ അംഗങ്ങൾ, മറ്റു ദൈവദാസന്മാർ, ദൈവമക്കൾ എന്നിവരോടുകൂടെ ആയിരിപ്പാനും ഇടയായതിൽ ഞാൻ ദൈവത്തിനു നന്ദി കരേറ്റുന്നു.

ഇന്നു ഞങ്ങൾ മുളക്കുഴയിൽ സീയോൻകുന്നു സന്ദർശിക്കുകയും അവിടെ നടന്നുവരുന്ന ഓഫീസ് കോംപ്ലക്സിന്റെ കെട്ടുപണികൾ കാണുകയും, YWEA പ്രോജക്ടിനുവേണ്ടി പണി തീർത്ത കെട്ടിടത്തിന്റെ പ്രതിഷ്ഠാശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു. മാത്രമല്ല, അവിടെ ആസന്നഭാവിയിൽ നിങ്ങൾക്കു ലഭിക്കുവാൻ പോകുന്ന ചിൽഡ്രൻസ് ഹോമിന്റെ ശിലാസ്ഥാപനവും നടത്തി. ഇതിലെല്ലാം ഞങ്ങൾ വളരെ സന്തുഷ്ടരായിരിക്കുകയും ദൈവത്തിന്റെ അഭിഷേകത്തിന്റെ കരം തുടർന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സഭയ്ക്കുണ്ടായിട്ടുള്ള ഏറ്റവും വലിയ അനുഗ്രഹത്തിന്റെ ദിവസങ്ങളാണ് ഈ ദിവസങ്ങൾ. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പകർച്ചയുടെ നാളുകളാണ് ഇപ്പോൾ. ലോകമെമ്പാടും, വിവിധ രാഷ്ട്രങ്ങളിലും ജാതികളിലുമുള്ള ദൈവജനത്തിന്റെമേൽ ദൈവം തന്റെ ആത്മാവിനെ പകർന്നുകൊണ്ടിരിക്കുന്നു. അതേ പരിശുദ്ധാത്മാവിന്റെ പകർച്ച കേരളത്തിലും നൽകിക്കൊണ്ടിരിക്കുന്നതിനാൽ ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന ദൗത്യം ഈ ലോകത്തിൽ പൂർത്തീകരിക്കേണ്ടതിനായി ദൈവത്തിന്റെ ആത്മാവിനെ നമുക്കു നല്കിയിരിക്കുന്നു. ഈ അന്ത്യനാളുകളിൽ ഒരു കൊയ്ത്തിനുവേണ്ടി പരിശുദ്ധാത്മാവിനെ എപ്രകാരം നൽകുന്നു, എന്തിനായി നൽകുന്നു എന്നിങ്ങനെയുള്ള ചില കാര്യങ്ങളെക്കുറിച്ചു ദൈവവചനം നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനാധാരമായി അപ്പോ. 2:17-21 വരെയുള്ള വാക്യങ്ങൾ വായിക്കാം: "അന്ത്യകാലത്തു ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും... എന്നാൽ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും എന്നു ദൈവം അരുളിച്ചെയ്യുന്നു". വായിക്കപ്പെട്ട ഈ ദൈവവചനത്തിന്റെമേൽ ദൈവം ധാരാളമായ തന്റെ അനുഗ്രഹം ചൊരിയുമാറാകട്ടെ.



Rev. DOUGLAS LE ROY

കർത്താവായ യേശുക്രിസ്തു തന്നെത്തന്നെ വെളിപ്പെടുത്തുവാൻ ഈ ലോകത്തിൽ വന്നു. യേശു തന്റെ ശിഷ്യന്മാരോടൊപ്പം നടന്നുകൊണ്ട് ദൈവം ആരാകുന്നു എന്നു അവർക്കു വെളിപ്പെടുത്തിക്കൊടുത്തു. യേശുകർത്താവിന്റെ ജീവിതം അവർക്ക് ഒരു മാതൃകയായിരുന്നു. അപ്രകാരം തന്നോടുകൂടെ നടന്ന ജനത്തെ തന്നെ അനുഗമിക്കുവാനും തന്റെ ശിഷ്യരാകുവാനും കർത്താവ് ആഹ്വാനം ചെയ്തു. മരണത്തിനായുള്ള വിധിയോടു കൂടിയാണ് കർത്താവ് ഈ ലോകത്തിൽ വന്നത്. ഈ ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി താൻ മരിക്കുവാൻ പോകുകയാണന്ന് നന്നായി അറിഞ്ഞുകൊണ്ടുതന്നെയാണ് കർത്താവ് ഇഹത്തിലേക്കു വന്നത്. അതിനാലാണ് തന്റെ മരണത്തിനുവേണ്ടി ➡

യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ ഒരുക്കിയെടുത്തത്. എങ്കിലും ലോകത്തിൽ അവർ ഏകരായി തീരുവാൻ താൻ അനുവദിക്കുകയില്ല എന്നു യേശു അവരോടു പറഞ്ഞു. അവരോടുകൂടെ എന്നേക്കും ഇരിക്കേണ്ടതിന് പരിശുദ്ധാത്മാവിനെ അവർക്കുവേണ്ടി അയച്ചുകൊടുക്കാം എന്നു അവൻ അവർക്കു വാഗ്ദത്തം നല്കി. യോഹന്നാന്റെ സുവിശേഷം 13,16 എന്നീ അദ്ധ്യായങ്ങളിൽ ആശ്വാസപ്രദൻ ആയ പരിശുദ്ധാത്മാവിനെ അയയ്ക്കുന്നതിനെക്കുറിച്ച് യേശു നല്കിയ വാഗ്ദത്തം കാണാം. ദൈവാത്മാവു നമ്മോടുകൂടെ ആയിരിക്കും എന്നു മാത്രമല്ല അവൻ നമ്മിലും ആയിരിക്കും. സകലസത്യത്തിലും നീതിയിലും ദൈവത്തിന്റെ ആത്മാവു നമ്മെ വഴിനടത്തും. ദൈവത്തിന്റെ വേല ചെയ്യുവാൻ തക്കവണ്ണം പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിക്കും. തന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പ് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തത്തെക്കുറിച്ചു തന്റെ ശിഷ്യന്മാരെ ഓർപ്പിക്കുന്നതായി അപ്പോ. പ്രവൃ.1:8 ൽ വായിക്കുന്നു. "പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തിലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും". അതിനുശേഷം ശിഷ്യന്മാരെ വിട്ടു യേശു സ്വർഗ്ഗത്തിലേക്കു കരേറിപ്പോയി. കർത്താവു അരുളിച്ചെയ്തതിൻപ്രകാരം പത്തു ദിവസത്തോളം ശിഷ്യന്മാർ യെരുശലേമിൽ പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനായി കാത്തിരുന്നു. അങ്ങനെ പെന്തക്കോസ്തുനാളിൽ അവർ ഒരുമിച്ചു കൂടിയിരുന്നപ്പോൾ ആകാശത്തുനിന്നു ഒരു വലിയ മുഴക്കം ഉണ്ടാകുകയും അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറയ്ക്കുകയും ചെയ്തു. അഗ്നിജ്വാലപോലെ പിളർന്നിരുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെമേൽ പതിക്കുകയും പരിശുദ്ധാത്മാവ് അവർക്കു ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷയിൽ സംസാരിക്കുകയും ചെയ്തു. ദൈവാത്മാവിന്റെ പകർച്ച ആ പട്ടണത്തെ മുഴുവനും പിടിച്ചു കുലുക്കി.

ദൈവം നമ്മെ ഓർമ്മിപ്പിക്കുന്നത് ഈ ലോകത്തിൽ ദൈവത്തിനായി ചെയ്തെടുക്കുവാൻ ന മുക്കു ഒരു ദൗത്യമുണ്ട്. ആ ദൗത്യം നമ്മുടെ സ്വന്തശക്തിയാൽ ചെയ്യുവാൻ നമുക്കു കഴിയുകയില്ല. നമ്മുടെ കഴിവും ബലവും ഒന്നും അതിനു പര്യാപ്തമല്ല. പരിശുദ്ധാത്മാവിന്റെ ശക്തികൊണ്ട് മാത്രമേ ദൈവീകശുശ്രൂഷ തികെപ്പാൻ നമുക്കു കഴികയുള്ളൂ. നമ്മുടെമേൽ പരിശുദ്ധാത്മാവിന്റെ ഒരു പുതിയ പകർച്ച തരുവാൻ ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ സ്വന്തം ബുദ്ധിശക്തിയാൽ ഈ ലോകസുവിശേഷീകരണം സാദ്ധ്യമല്ല. നമ്മുടെ സ്വന്തം കഴിവുകൊണ്ട് ഈ വലിയ കൊയ്ത്ത് നടത്തുക അസാദ്ധ്യമാണ്. എന്നാൽ ദൈവം തന്റെ പരിശുദ്ധാത്മാവിനെ നമുക്ക് നല്കിയിരിക്കുന്നത് ഈ ലോകം കൊയ്തെടുക്കുവാൻ നമ്മെ ശക്തീകരിക്കുവാൻ വേണ്ടിയാണ്.

ഞാൻ പോർച്ചുഗലിൽ ദൈവവചനം പ്രഘോഷിക്കുമ്പോൾ എനിക്കു പരിഭാഷ ചെയ്യുവാൻ പ്രാപ്തരായ ആരും ആ സഭയിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ട് അവർ ബാപ്റ്റിസ്റ്റു സഭാവിഭാഗത്തിൽപെട്ട ഒരു യൗവ്വനക്കാരി സഹോദരിയെ അതിനായി ക്ഷണിച്ചു. ഞാൻ അവരോടു അന്നു സംസാരിച്ചത് ദൈവത്തിന്റെ പരിശുദ്ധാത്മാവിനെക്കുറിച്ചായിരുന്നു. വചനപ്രഘോഷണത്തിന്റെ ഒടുവിൽ പരിശുദ്ധാത്മാവു നിറവുപ്രാപിക്കുവാൻ ആഗ്രഹിക്കുന്നവർ മുമ്പോട്ടു വരുവാൻ ഞാൻ ആഹ്വാനം ചെയ്തു, അങ്ങനെ മുമ്പോട്ടുവന്നവരിൽ പത്തുപേർ അപ്പോൾത്തന്നെ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു. എന്റെ പ്രസംഗം പരിഭാഷപ്പെടുത്തിയ ആ സഹോദരി അപ്പോൾ എന്നെ ഒരു വശത്തേക്കു വിളിച്ചിട്ടു പറഞ്ഞു: കർത്തൃദാസൻ പരിശുദ്ധാത്മാവിനെക്കുറിച്ചു പ്രസംഗിച്ച തിരുവചനം ഞാൻ കേട്ടു, ബാപ്റ്റിസ്റ്റു കോളേജിൽ എന്നെ പഠിപ്പിച്ച അദ്ധ്യാപകൻ എന്നോടു പറഞ്ഞത് പരിശുദ്ധാത്മാഭിഷേകം എന്നു പറയുന്നത് ഒരു പൈശാചിക പ്രവർത്തനമാണ് എന്നാണ്. അദ്ദേഹം എന്നെ തുടർന്ന് ഉപദേശിച്ചത് നീ പ്രസംഗം പരിഭാഷപ്പെടുത്തുവാൻ പോകുമ്പോൾ ഒരു കാര്യം സൂക്ഷിച്ചു കൊള്ളണം. ആ പ്രസംഗകൻ നിന്റെമേൽ ഒന്നും തളിക്കുവാനോ മറ്റൊരു നിലയിലും പരിശുദ്ധാത്മനിറവ് എന്ന പേരിൽ നിന്നെക്കൊണ്ട് വല്ലതും ഒക്കെ പറയിപ്പിക്കുവാനോ ഇടയാകരുത്. അതിൻപ്രകാരം ഞാൻ കർത്തൃദാസന്റെ ശുശ്രൂഷയെ സൂക്ഷ്മതയോടെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അങ്ങ് ആരുടെയുംമേൽ ഒന്നും തളിച്ചില്ലെന്നു മാത്രമല്ല, ആരെയും സ്പർശിക്കുന്നതായും കണ്ടില്ല. എന്നാൽ പരിശുദ്ധാത്മ നിറവിനായി ആളുകൾ മുമ്പോട്ടു വന്നപ്പോൾ തന്നെ ഒരു സ്വർഗ്ഗീയ ഭാഷയിൽ അവർ സംസാരിക്കുന്നതായി എനിക്കു കാണുവാൻ ➡

# അനുഭവം, അനുകരണം, അഭിനയം!!

പാസ്റ്റർ കെ. എ. ഉമ്മൻ, തിരുവല്ല

**കേൾക്കുമ്പോൾ** ഏകദേശം ഒരുപോലെ തോന്നുമെങ്കിലും വ്യത്യസ്തമായ അർത്ഥതലങ്ങൾ ഉള്ള മൂന്നു പദങ്ങളാണ് തലവാചകത്തിലുള്ളത്.

അനുഭവം യാഥാർത്ഥ്യമാണ്, വസ്തുതാപരവും തിരസ്കരിക്കാനാവാത്തതുമാണ്. "യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ" എന്ന് (സങ്കീ. 34:8) ദാവീദ് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. മരണകരമായ പ്രതിസന്ധിയുടെ നടുവിൽ തനിക്കു ജീവരക്ഷ ഒരുക്കിയ ദൈവം എത്ര നല്ലവൻ എന്നു വർണ്ണിക്കുന്നത് സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിലാണ്. മറ്റുള്ളവർ പറഞ്ഞുകേട്ടതിന്റെയും അറിഞ്ഞതിന്റെയും അടിസ്ഥാനത്തിൽ ദൈവം നല്ലവൻ എന്നു പ്രസംഗിക്കുന്നതും അവൻ നല്ലവൻ എന്നു രുചിച്ചറിഞ്ഞു പ്രസംഗിക്കുന്നതും തമ്മിൽ അജഗജാന്തരമുണ്ട്. വാക്ചാതുര്യമുള്ളവർക്കും പ്രസംഗകല അഭ്യസിച്ചവർക്കും അറിവിന്റെ അടിസ്ഥാനത്തിൽ ബൈബിൾ പ്രഭാഷണങ്ങൾ നടത്തുവാൻ സാധിക്കും. അതുകൊണ്ടാണല്ലോ രക്ഷകനെ രുചിച്ചറിഞ്ഞിട്ടില്ലെങ്കിലും നല്ല സാഹിത്യശൈലിയിൽ പ്രഘോഷണം നടത്തുവാൻ കഴിവുള്ള ചിലരെകൊണ്ട് ചിലയിടങ്ങളിൽ ബൈബിൾ പ്രഭാഷണങ്ങൾ നടത്തുന്നതിനെക്കുറിച്ചു നാം കേൾക്കുന്നത്. അത് അനുഭവമല്ല, പ്രസംഗപാടവമാണ്. ഇതു വ്യക്തമാക്കാൻ പഴയനിയമ യിസ്രായേലിന്റെ ചരിത്രത്തിലേക്കു ഒന്നു തിരിഞ്ഞു നോക്കാം. മിസ്രയീമ്യ അടിമത്വത്തിൽനിന്നും പെസഹാകുഞ്ഞാടിന്റെ ചോരത്തളി ആചരിച്ച് വിമോചിതരായ ദൈവജനം ജയഗീതം പാടി യാത്ര പുറപ്പെടുമ്പോൾ മിസ്രയീമ്യരുടെ എല്ലാ ഭവനങ്ങളിലും അവരുടെ ആദ്യജാതന്മാർക്കായി കുഴിമാടം ഒരുക്കുകയായിരുന്നു. സർവ്വശക്തന്റെ ന്യായവിധിയുടെ കരത്തിന്റെ ദൃക്സാക്ഷികൾ ആയിരുന്ന യിസ്രായേൽ ജനം, ആ ദൈവം അവർക്കുവേണ്ടി പ്രവർത്തിച്ച എത്രയോ അത്ഭുതങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ചെങ്കടലിന്റെ നടുവിൽ ദൈവം ഒരുക്കിയ രാജവീഥിയിൽ ➡

➡ സാധിച്ചു. അതിനാൽ ഇത് ഒരു യഥാർത്ഥമായ അനുഭവമാണെന്ന് എനിക്കു മനസ്സിലായി. ദൈവം എന്റെമേലും പരിശുദ്ധാത്മാവിനെ പകർന്നു തരുമെന്നു അങ്ങ് വിചാരിക്കുന്നുവോ എന്ന് അവൾ എന്നോടു ചോദിച്ചതിന് പരിശുദ്ധാത്മാവിനെ പ്രാപിക്കുവാൻ ആഗ്രഹിക്കുന്ന ഏവർക്കും അതു ലഭിക്കും എന്നു ഞാൻ മറുപടി നല്കി. ദൈവം തന്റെ ആത്മാവിനെ ധാരാളമായി പകർന്നുകൊണ്ടിരിക്കുന്ന ഒരു കാലയളവാണിത്. ഇന്നു രാത്രി പരിശുദ്ധാത്മാവിന്റെ ശക്തി നമുക്കാവശ്യമാണ്. ദൈവം ഏല്പിച്ച ദൗത്യം നിറവേറ്റുവാൻ ഭാരതത്തിലെ ദൈവസഭയ്ക്ക് പരിശുദ്ധാത്മശക്തി അനിവാര്യമാണെന്നു ഞാൻ കരുതുന്നു. ദൈവത്തിൽ നിന്നും ലഭിക്കുന്ന പരിശുദ്ധാത്മശക്തിയ്ക്ക് നമ്മുടെ ജീവിതത്തിൽ വളരെ പ്രാധാന്യമുണ്ട്. ജീവിതത്തിൽ ദൈവാത്മാവിന് എന്തുപ്രാധാന്യമാണുള്ളതെന്നും ഈ അന്ത്യനാളുകളിൽ ദൈവം തന്റെ ആത്മാവിനെ പകരുന്നത് എന്തുകൊണ്ടാകുന്നു എന്നുമുള്ളതിനെ ആസ്പദമാക്കിയുള്ള ചില ചിന്തകൾ നിങ്ങളോടു പങ്കുവെയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമതായി, നമ്മുടെ ശത്രുവിനെ തോല്പിക്കുന്നതിനായിട്ടാണ് ദൈവം തന്റെ ആത്മാവിനെ നമുക്ക് നല്കിയിരിക്കുന്നത്. ദൈവജനത്തിനെതിരായി സാത്താൻ കടന്നുവരുന്നത് പൗലോസിന്റെ ഭാഷയിൽ ജഢപ്രകാരം നമ്മെ വശീകരിക്കുന്നതിനായിട്ടാണ്. എന്നാൽ പ്രവാചകനായ യെശയ്യാവ് പറയുന്നത് പെരുവെള്ളം പോലെ സാത്താൻ നമുക്കെതിരായിക്കടന്നുവരുമ്പോൾ സർവ്വശക്തൻ നമ്മെ സൂക്ഷിച്ചുകൊള്ളും എന്നാണ്. തന്ത്രപൂർവ്വമാണ് സാത്താന്റെ പ്രവർത്തനം. എന്നാൽ സാത്താന്യശക്തികൾക്ക് ദൈവാത്മാവിന്റെ ശക്തിയുടെ മുമ്പിൽ നിൽക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് കർത്താവ് പറഞ്ഞത് പരിശുദ്ധാത്മശക്തി നമ്മുടെമേൽ പകർന്നു തരുമെന്ന്. ആ ശക്തികൊണ്ട് സാത്താനെയും ജഢത്തെയും നമുക്കു കീഴ്പ്പെടുത്തുവാൻ സാധിക്കും അങ്ങനെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്കു ജയം ലഭിക്കും.

*(തുടരും)* ◆

കൂടി അവർ പാദങ്ങൾവെച്ചു അക്കരെ എത്തിയത് തുടങ്ങി സ്വർഗ്ഗീയ മന്നാ ഭുജിച്ചതും, കടലിൽ നിന്നും അവർക്കുവേണ്ടി സൃഷ്ടിച്ച കാടപക്ഷിയുടെ മാംസം ഭക്ഷിച്ചതും, പാറയിലെ വെള്ളം കുടിച്ചതും എല്ലാം അവരുടെ ജീവിതത്തിലെ മറക്കുവാൻ കഴിയാത്ത അത്ഭുതകരമായ അനുഭവങ്ങളായിരുന്നു. ദൈവം തന്റെ ജനത്തിന് എത്രനല്ലവൻ, എത്രവല്ലഭൻ എന്നു അവർ രുചിച്ചറിഞ്ഞു. അനുഭവങ്ങളുടെ ഇഴകൾകൊണ്ട് ജീവിതത്തിന്റെ ഏടുകൾ നെയ്തെടുത്തവരായിരുന്നു പിതാക്കന്മാർ.

പക്ഷേ അനുഭവങ്ങൾ നഷ്ടപ്പെട്ട മറ്റൊരു തലമുറയെക്കുറിച്ചു തിരുവചനം പറയുന്നത് ഇപ്രകാരമാണ്; "പിന്നെ ആ തലമുറ ഒക്കെയും തങ്ങളുടെ പിതാക്കന്മാരോട് ചേർന്നു; അവരുടെ ശേഷം യഹോവയെയും അവൻ യിസ്രായേലിനുവേണ്ടി ചെയ്തിട്ടുള്ള പ്രവർത്തികളെയും അറിയാത്ത വേറൊരു തലമുറ ഉണ്ടായി" (ന്യായ. 2:10). യോശുവയുടെയും മറ്റു മൂപ്പന്മാരുടെയും കാലത്ത് ജനം സത്യദൈവത്തെ സേവിച്ചുപോന്നിരുന്നുവെങ്കിൽ, ദൈവപ്രവർത്തികളെക്കുറിച്ചു അനുഭവമില്ലാത്ത പിൻതലമുറ യഹോവയെയല്ല ബാൽ വിഗ്രഹങ്ങളെ സേവിച്ച് ദൈവത്തിനു അനിഷ്ടമായുള്ള ചെയ്തു എന്നു ന്യായാധിപന്മാരുടെ പുസ്തകത്തിൽ വായിക്കുന്നു.

ഇന്നത്തെ ആത്മീകഗോളത്തിലും ഏകദേശം ഇതുപോലൊക്കെ തന്നെ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പിതൃപാരമ്പര്യങ്ങളോടും നാമധേയസംഘങ്ങളോടും വിടപറഞ്ഞു വിശ്വാസസത്യങ്ങൾക്കുവേണ്ടി പിതാക്കന്മാർ ഇറങ്ങിത്തിരിച്ചപ്പോൾ അവരുടെ മുമ്പിൽ യാതൊരു ഭൗതീകനേട്ടങ്ങളോ ഉയർച്ചകളോ ലക്ഷ്യമുണ്ടായിരുന്നില്ല. ദാരിദ്ര്യവും ഞെരുക്കവും കഷ്ടപ്പാടും ഒക്കെ ആ നാളുകളിൽ ജീവിതത്തിന്റെ നിത്യാനുഭവങ്ങളായിരുന്നുവെങ്കിലും ആത്മീക വിഷയത്തിൽ അവർ സമ്പന്നർ തന്നെയായിരുന്നു. അവരുടെ പരസ്പര സ്നേഹവും ആത്മീക കൂട്ടായ്മയും മറ്റുള്ളവരുടെ മുമ്പിൽ മാതൃകാപരമായിരുന്നു. വിശുദ്ധിയും വേർപാടും മുഖമുദ്രയായിരുന്ന അവർ ധാരാളം ദൈവകൃപയുള്ളവരും ദൈവത്തിന്റെ സ്നേഹവും വിശ്വസ്തതയും നന്നായി രുചിച്ചറിഞ്ഞവരും ആയിരുന്നു. തീയോളജിയിൽ കൂടി നേടിയ അറിവല്ലായിരുന്നു, ജീവിതത്തിൽ പ്രാപിച്ച അനുഭവങ്ങളായിരുന്നു ദൈവവുമായി അവർക്കുണ്ടായിരുന്ന ദൃഢമായ ബന്ധത്തിന്റെ അടിസ്ഥാനം.

എന്നാൽ ഇന്നിതാ ഒരു പുതിയ തലമുറ പിറന്നിരിക്കുന്നു. പിതാക്കന്മാരുടെ വിശ്വാസത്തോടും ഉപദേശത്തോടും പുച്ഛംതോന്നുന്ന ഒരു പരിഷ്കൃത തലമുറ. അടിസ്ഥാന ഉപദേശങ്ങളെന്നു പിതാക്കന്മാർ തിരുവചനവെളിച്ചത്തിൽ കണ്ടെത്തി കൈമാറിയതൊക്കെയും അവരുടെ അജ്ഞത എന്നു വിധിയെഴുതുന്ന ഒരു പുത്തൻ തലമുറയ്ക്ക് ഹോശന്നാ പാടുന്നവർ ആത്മീകഗോളത്തിൽ അനേകരുണ്ട്. എങ്കിലും ഈ നീക്കത്തെ ചെറുക്കുവാനും പിതാക്കന്മാർ ഉയർത്തിപ്പിടിച്ച ഉപദേശസത്യങ്ങളെയും വിശ്വാസമൂല്യങ്ങളെയും സംരക്ഷിക്കുവാനും ബദ്ധശ്രദ്ധരായി ഒരുകൂട്ടം ദൈവമക്കൾ മുമ്പോട്ടു വന്നിരിക്കുന്നു എന്നത് തികച്ചും ആശ്വാസകരം തന്നെ. സർവ്വശക്തൻ അവരുടെ പ്രവർത്തനങ്ങളോടു കൂടെയുണ്ട് എന്നതിനു സംശയമില്ല.

അനുകരണവും അഭിനയവും അനുഭവമല്ല, അത് ഒരു കലയാണ്. മറ്റുള്ളവരെ അനുകരിക്കുന്നതിൽ മിടുക്കരായവരുണ്ട് ശബ്ദാനുകരണം, വേഷാനുകരണം, ഭാവാനുകരണം ഇങ്ങനെ മറ്റുള്ളവരെ നോക്കി പഠിച്ച് അതു ഇമിറ്റേറ്റ് (imitate) ചെയ്യുന്നവരുടെ നിരകൾ ലോകക്കാരുടെ ഇടയിൽ എന്നപോലെ ആത്മീകരുടെ ഇടയിലും കാണാം. ദൈവം വ്യത്യസ്ഥങ്ങളായ താലന്തുകളാണ് ഓരോരുത്തരെയും ഏല്പിച്ചിട്ടുള്ളത്. മറ്റൊരുവൻ ചെയ്യുന്നതു നോക്കി അതിനെ അനുകരിക്കുന്നത് ശുശ്രൂഷാരംഗത്ത് ഒട്ടും ഭൂഷണമല്ല. ശുശ്രൂഷകൾ അനുകരണ കലയിൽ കൂടി ചെയ്യുവാൻ പോയ ചിലരെങ്കിലും പരാജയം ഏറ്റുവാങ്ങീട്ടുണ്ട്. പ്രവചന ശുശ്രൂഷയില്ലാത്ത ഒരുവൻ അനുകരണത്തിലൂടെ ആ ശുശ്രൂഷ ചെയ്യുവാൻ തുടങ്ങിയാൽ അധികനാൾ മുമ്പോട്ടുപോകുവാൻ കഴികയില്ലെന്നു മാത്രമല്ല, മറ്റുള്ളവരുടെ മുമ്പിൽ പരിഹാസവിഷയമായി തീരുകയും ചെയ്യും. പ്രസംഗിക്കുമ്പോൾ ശ്രേഷ്ഠന്മാരായ ദൈവദാസന്മാരുടെ ശൈലിയും ഭാവവും ചേഷ്ടയും ഒക്കെ അനുകരിച്ച് അവതരിപ്പിക്കുവാൻ വൃഥാശ്രമം നടത്തുന്ന ചിലരെ ശ്രദ്ധിപ്പാനിടയായിട്ടുണ്ട്. പൊതുജനത്തിന്റെ മുമ്പിൽ നിന്ദ്യരായി തീരാമെന്നല്ലാതെ ആ കലകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകയില്ല. വേഷാനുകരണത്തിന്റെ കാര്യവും അങ്ങനെതന്നെയാണ് എന്നുമാത്രം പറഞ്ഞ് ആ വിഷയം ഇവിടെ നിർത്തട്ടെ. വിശുദ്ധപൗലോസിന്റെ വാക്കുകൾക്ക് ചെവികൊടുക്കുന്നതാണ് ഉത്തമം (റോമ. 12:6-8). "ആകയാൽ നമുക്കു ലഭിച്ച കൃപയ്ക്കു ഒത്തവണ്ണം വെവ്വേറെ വരം ഉള്ളതുകൊണ്ട് പ്രവചനം എങ്കിൽ വിശ്വാസത്തിന് ഒത്തവണ്ണം, ശുശ്രൂഷയെങ്കിൽ ശുശ്രൂഷയിൽ,

➡

# ഇന്നത്തെ ദൈവജനം ഇയ്യോബിനെപ്പോലെ ആയിത്തീർന്നെങ്കിൽ!!

ജോർജ്ജ് വർഗ്ഗീസ് ചിറ്റിഴേത്ത്, ഡാളസ്

1. **ഇ**യ്യോബ് തന്റെ ജീവിതത്തിന്റെ എല്ലാ വശങ്ങളും സൂക്ഷ്മമായ നിരീക്ഷണത്തിന് വിധേയമാക്കി.

2. ഇയ്യോബ് തന്റെ ഔദ്യോഗിക ജീവിതത്തിൽ പരമാർത്ഥതയോടെ കാര്യങ്ങൾ നടത്തിയെന്ന് ധൈര്യത്തോടെ പറയുന്നു.

3. ഇയ്യോബ് തന്റെ വൈവാഹിക ജീവിതം പരീക്ഷണത്തിന് വിധേയമാക്കി.

നാലാമതായി പറയുന്നു തന്റെ തൊഴിലാളികളുമായി ഒരു നല്ല ബന്ധത്തിൽ ആയിരുന്നു. ഒരു നല്ല യജമാനൻ ആയിരുന്നു എന്നു തെളിയിക്കുന്നു (വാ. 13). തന്റെ ദാസന്റെയോ ദാസിയുടെയോ ന്യായം തള്ളിക്കളയാതെ, അവരോട് വ്യത്യസ്ഥ മനോഭാവം പുലർത്താതെ അവരെ കരുതി എന്നു പറയുന്നു. ഇപ്പോൾ നമ്മുടെ അവസ്ഥ ഒന്നു ചിന്തിച്ചെങ്കിൽ നന്നായിരുന്നു. ഒരു ഉയർന്ന സ്ഥാനം അഥവാ ഒരു നേതൃസ്ഥാനം ലഭിച്ചാൽ നമ്മുടെ കീഴിലുള്ളവരെ നാം കാണുന്ന രീതികൾ ശരിയാണോ എന്ന് ശോധന ചെയ്യുവാൻ കഴിഞ്ഞെങ്കിൽ എത്ര നന്നായിരുന്നു. ധനവും സമ്പത്തും ഒക്കെ കൈയിൽ കിട്ടിക്കഴിഞ്ഞാൽ മറ്റുള്ളവരെ കണ്ടഭാവം പോലും നടിക്കുവാൻ കഴിയാതെ പോകുന്ന എത്രയോപേർ നമ്മുടെ ചുറ്റിലുമുണ്ട്, നമ്മുടെ സഭകളിൽ ഉണ്ട്, നമ്മുടെ കുടുംബങ്ങളിലുണ്ട്.

അഞ്ചാമതായി താൻ പറയുന്നു നാം മറ്റുള്ളവരെ ആദരിക്കുന്നത് ദൈവം കാണുന്നു എന്ന് (വാ. 14). ആ ബോധത്തോടുകൂടി താൻ തന്റെ കൂടെയുള്ളവരെ മാനിക്കുന്നു, അവരെ കരുതുന്നു. ദൈവം എഴുന്നേറ്റ് കഴിഞ്ഞാൽ തനിക്ക് അവന്റെ മുമ്പിൽ നിൽക്കുവാൻ സാധിക്കുകയില്ല എന്നുള്ള ആ

---

ഉപദേശിക്കുന്നവൻ എങ്കിൽ ഉപദേശത്തിൽ, പ്രബോധിപ്പിക്കുന്നവൻ എങ്കിൽ പ്രബോധനത്തിൽ, ദാനം ചെയ്യുന്നവൻ ഏകാഗ്രതയോടെ, ഭരിക്കുന്നവൻ പ്ര സന്നതയോടെ ആയിരിക്കട്ടെ".

അനുകരണവും അഭിനയവും ജേഷ്ഠാനുജന്മാരാണ്. അനുകരണക്കാരെക്കാൾ വിരുതന്മാരാണ് അഭിനയക്കാർ. അപ്പന്റെ മുമ്പിൽ പ്രഛന്ന വേഷം കെട്ടി സാക്ഷാൽ ഏശാവായി അവതരിച്ച ഉപായിയായ യാക്കോബിന്റെ കൂട്ടു സഹോദരന്മാരാണ് അവർ. "മകനേ, നിനക്കു ഇത്ര വേഗത്തിൽ (വേട്ടമൃഗത്തെ) കിട്ടിയതു എങ്ങനെ" എന്നു അപ്പനായ യിസഹാക്ക് ചോദിച്ചപ്പോൾ ആ ഉപായി പറഞ്ഞ മറുപടി തികഞ്ഞ ഒരു ആത്മീകന്റെ ഭാഷയിലായിരുന്നു: "നിന്റെ ദൈവമായ യഹോവ എന്റെ നേർക്കു വരുത്തിത്തന്നു" (ഉല്പ. 27:8). പക്ഷേ യാഥാർത്ഥ്യവുമായി ആ വാക്കുകൾക്കു പുലബന്ധമില്ലായിരുന്നു. കോലാട്ടിൻകുട്ടിയുടെ തോൽ കൊണ്ടു കൈകളും കഴുത്തും പൊതിഞ്ഞു ഏശാവിന്റെ വിശേഷവസ്ത്രവും ധരിച്ച് ജേഷ്ഠന്റെ ശരീരപ്രകൃതി യാക്കോബ് നന്നായി അഭിനയിച്ചവതരിപ്പിച്ചപ്പോൾ കാഴ്ചശക്തിയില്ലാത്ത അപ്പൻ കബളിപ്പിക്കപ്പെടുയായിരുന്നു. ഭക്തിയുടെയും ആത്മീകതയുടെയും വേഷം ധരിച്ച് അഭിനയചാതുര്യം കൊണ്ട് ആത്മീകരെന്ന നാട്യത്തിൽ ഇന്നത്തെ വിശ്വാസഗോളത്തിൽ വിലസുന്ന യാക്കോബുമാർക്ക് മനുഷ്യരെ കബളിപ്പിക്കാം. എങ്കിലും സർവ്വജ്ഞാനിയായ ദൈവത്തിന്റെ മുമ്പിൽ അവരുടെ കാപട്യത്തിന്റെ മുഖംമൂടി പൊളിയപ്പെടും എന്നത് ഒരു സത്യമാണ്.

തനി ആത്മീകന്റെ ശബ്ദം, ഭാഷ ഒക്കെ ന ന്നായി അഭിനയിക്കുവാൻ കഴിയുന്ന അങ്ങനെയുള്ളവരുടെ ചിന്തയും താല്പര്യവും ദൈവീകമല്ല, ഭൗമീകമാണ്. അപ്പന്റെ അനുഗ്രഹം ലഭിച്ചു എന്ന ആത്മസംതൃപ്തി തല്ക്കാലത്തേക്കു ഉണ്ടായെങ്കിലും വീടും നാടും വിട്ടു ഓടേണ്ടിവന്ന യാക്കോബിന്റെ തുടർന്നുള്ള ജീവചരിത്രവും കൂടി അവർ തിരുവചനത്തിൽ നിന്നും പഠിച്ചാൽ നന്ന്. ഒടുവിൽ യാബോക്ക് കടവിൽ എല്ലാം അക്കരെ കടത്തിയ ശേഷം ഏകനായി മുട്ടുമടക്കി സർവ്വശക്തന്റെ മുമ്പാകെ ഉള്ളകാര്യം ഉള്ളതുപോലെ സമ്മതിച്ച് അവങ്കൽ നിന്നും അനുഗ്രഹം പ്രാപിച്ച് മടങ്ങിപ്പോകുമ്പോൾ മുടന്തി നടക്കേണ്ടി വന്ന യാക്കോബിനെ ആത്മീകത്തിലെ അഭിനയക്കാർ ഓർത്തുകൊള്ളട്ടെ!!

➡
വലിയ ഭയം തന്നെ അലട്ടിയിരുന്നു. ദൈവമുമ്പാകെ തന്നെ പ്രാഗത്ഭ്യത്തോട് നിറുത്തുവാൻ ഉത്സാഹിക്കുന്നവനായി കാണുവാൻ കഴിയുന്നു.

ആറാമതായി എല്ലാവരും ദൈവസന്നിധിയിൽ തുല്യരാണ് ചെറിയവരും വലിയവരും, പണക്കാരനും നേതൃത്വസ്ഥാനം വഹിക്കുന്നവരും എല്ലാം തന്നെ (വാ.15). തന്നെ സൃഷ്ടിച്ച ദൈവം തന്നെയാണ് മറ്റുള്ളവരെ സൃഷ്ടിച്ചത്. പൗലോസ് എഫേസ്യർ 6:9ൽ പറയുന്നു; ദൈവം ആണ് സകലരുടെയും യജമാനൻ. ഒരു പക്ഷേ ദൈവമക്കൾ എന്നു അഭിമാനിക്കുന്ന നമുക്ക് ഇല്ലാത്ത ഒരു ചിന്താഗതി ആണ് ഇയ്യോബിൽ കാണുന്നത്. എല്ലാവരേയും ഒരുപോലെ കാണുവാൻ കഴിയാത്ത ഒരു അവസ്ഥ. ദൈവത്തിൽ നിന്ന് അനുഗ്രഹം പ്രാപിക്കുവാൻ നാം എത്രത്തോളം താഴ്മയോടും വിനയത്തോടും കൂടി ആയിത്തീർന്നെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ എന്നു മനസ്സിലാക്കുവാൻ നമുക്ക് കഴിഞ്ഞെങ്കിൽ. ഇയ്യോബ് പറയുന്നു (29:12): എളിയവനെയും അനാഥനെയും വിടുവിച്ചു (വാ 13). വിധവമാരെ സഹായിച്ചു (വാ.15). കുരുടനെയും മുടന്തനെയും സഹായിച്ചു (വാ.16). ദരിദ്രർക്ക് അപ്പൻ ആയിരുന്നു (വാ.17). നിസ്സഹായനായിരുന്നവനെ അവന്റെ ശത്രുവിന്റെ കൈയ്യിൽ നിന്നും വിടുവിച്ചു. നാം ദൈവസന്നിധിയിൽ എങ്ങനെ ആയിരിക്കുന്നു എന്നു ഒന്നു ശോധനചെയ്യാം.

ഏഴാമതായി ധനത്തോട് തനിക്കുള്ള മനോഭാവം എങ്ങനെയായിരുന്നു എന്നു പറയുന്നു (വാ.24). ധനത്തോട് നാം അടുക്കുമ്പോൾ നമ്മുടെ ഉള്ളിൽ വരേണ്ട ഒരു ചിന്താഗതിയാണ് ആവ. 8:16–17 വാക്യങ്ങൾ. ധനം നമ്മുടെ എല്ലാം ആകരുത്. അത് ഒരു മതിൽ ആയി നമുക്ക് ഇരിക്കരുത് എന്ന് സദൃ.18:11 ൽ പറയുന്നു: നമ്മുടെ ധനം നിശ്ചയം ഉള്ളതല്ലാ എന്ന്. 1 തിമോ. 6:17 ൽ ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമായിരിക്കുന്നു. ധനം ദൈവത്തെ നമുക്കുവേണ്ട എന്നുള്ള ചിന്താഗതിയിൽ എത്തിക്കുന്നതാണെന്ന് വെളി. 3:17 പറയുന്നു. ഇയ്യോബ് വളരെ ധനികനായിരുന്നിട്ടും, തനിക്കു നല്ല കീർത്തി മറ്റുള്ളവരുടെ ഇടയിൽ ഉണ്ടായിട്ടും ധനത്താൽ താൻ ആകൃഷ്ടനായി ദൈവഹിതമല്ലാത്തതൊന്നും ചെയ്തില്ല എന്നു താൻ സമ്മതിക്കുന്നു.

പഴയകാലത്തിലും അധികം ധനം ഇപ്പോൾ ദൈവമക്കളുടെ കൈവശമുണ്ട്. നാം അത് എങ്ങനെ വിനിയോഗിക്കുന്നു എന്ന് ചിന്തിച്ചെങ്കിൽ നന്നായിരുന്നു. പണത്തിനായി മാത്രം നാം നെട്ടോട്ടം ഓടുന്നുണ്ടോ? ധനത്തെ നാം അധികമായി സ്നേഹിക്കുന്നുണ്ടോ? നല്ല സമ്പന്നൻ ആയിരുന്നിട്ടും അതിന്റെ തലക്കനം ഒന്നും ഇയ്യോബിന് ഇല്ലായിരുന്നു. നമ്മുടെ പണം നാം എങ്ങനെ ഉപയോഗിക്കുന്നു.

എട്ടാമതായി ഇയ്യോബ് പറയുന്നു; ദൈവത്തെ മാത്രം ആരാധിക്കുന്ന ഒരു വ്യക്തി ആയിരുന്നു എന്ന് (വാ. 26–28). അനേകരും സൂര്യനെയും ചന്ദ്രനെയും ഒക്കെ ആരാധിച്ചെങ്കിലും താൻ ഉയരത്തിലെ ദൈവത്തെ നിഷേധിക്കാതെ മറ്റുപലതിനേയും ഉള്ളിൽ സംഗ്രഹിച്ച് അഥവാ, തന്റെ ധനത്തെയും കീർത്തിയേയും ഒന്നും വലുതായി കാണാതെ ദൈവത്തെ സത്യസന്ധമായി ആരാധിച്ചു എന്നു സാക്ഷ്യം പറയുന്നു.

ഒൻപതാമതായി താൻ പറയുന്നു തന്റെ ശത്രുക്കളുടെ നാശത്തിൽ താൻ സന്തോഷിച്ചില്ല എന്ന് (വാ. 29,30). ഇയ്യോബ് ധനവാൻ ആയിരുന്നു ഒരു പക്ഷേ തനിക്ക് ശത്രുക്കൾ ധാരാളം കണ്ടു എന്നു വരാം. എന്നാലും അവർക്ക് നാശം വന്നാൽ ഞാൻ സന്തോഷിക്കയില്ല എന്നു പറയുന്നു. സദൃ. 24:17–19 ൽ പറയുന്നു നിന്റെ ശത്രു വീഴുമ്പോൾ സന്തോഷിക്കരുതെന്ന്. നമ്മുടെ അവസ്ഥ എങ്ങനെയിരിക്കുന്നു. നമ്മെ പരിഹസിക്കുന്നവർ, നമ്മെ നിന്ദിക്കുന്നവർ, കാരണം ഒന്നുമില്ലാതെ ദോഷം ചിന്തിക്കുന്നവർ, ഒരു കാരണവുമില്ലാതെ നമ്മെ നിഷേധിക്കുന്നവർ ഒക്കെ നമ്മുടെ ചുറ്റുമുണ്ടായിരിക്കാം. എന്നാൽ അവരോടുള്ള നമ്മുടെ വീക്ഷണം എങ്ങനെയിരിക്കുന്നു.

പത്താമതായി തന്റെ ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളും താൻ പരിശോധിച്ചു (വാ. 33–34)തന്റെ കുറവുകളും കുറ്റങ്ങളും എല്ലാം ദൈവസന്നിധിയിൽ ഏറ്റു പറഞ്ഞു. തന്റെ അഭക്തി താൻ മറച്ചുവച്ചു കൊണ്ട് ഒരു ഭക്തനെപോലെ താൻ സംസാരിച്ചില്ല. തന്റെ ജീവിതത്തിന്റെ എല്ലാവശങ്ങളും താൻ പറഞ്ഞു കഴിഞ്ഞു. തന്റെ ഒപ്പ് തന്റെ പെറ്റിഷനു കീഴെ താൻ ഇട്ടിട്ട് (വാ.35) ബാക്കി കാര്യങ്ങൾ എല്ലാം സർവ്വശക്തനായ ദൈവത്തിൽ ഭരമേൽപ്പിക്കുന്നു. ഈ ഭാഗങ്ങൾ എല്ലാം നാം ഒന്നുകൂടി മനസ്സിരുത്തി വായിച്ചാൽ നമ്മുടെ ജീവിതത്തെ ഈ പുതിയ വർഷത്തിൽ ഒരു പുത്തൻ രൂപാന്തരത്തിനായി ഏല്പിച്ചു കൊടുക്കുവാൻ കഴിയുമോ? നമ്മുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളും ഒന്നുകൂടി ശോധനചെയ്യുവാൻ നമുക്ക് കഴിയുമോ? ഒരു പക്ഷേ ദൈവീക അനുഗ്രഹം തടഞ്ഞു വച്ചിരിക്കുന്ന അവസ്ഥ നമ്മിൽ ഉണ്ടോ എന്നു മനസ്സിലാക്കുവാൻ കഴിയുമോ? ഇയ്യോബിന്റെ ജീവിതം മനസ്സിലാക്കി നമ്മെ ഒന്നു ക്രമപ്പെടുത്തുവാൻ ഇടയായെങ്കിൽ, അതിന് ഈ പുതുവർഷത്തിൽ ദൈവം കൃപ നമ്മുടെമേൽ പകരട്ടെ.

❖

# അഭിഷേകം എന്തിന് ?

**പാസ്റ്റർ വിനോദ് ജയിക്കബ്**

**യെശ.** 61:1-ാം വാക്യത്തിൽ ഇങ്ങനെ ഒരു ഉദ്ധരണിയുണ്ട്: "എളിയവരോടു സദ്വർത്തമാനം ഘോഷിക്കുവാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ടു യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെ മേലിരിക്കുന്നു" യെശയ്യാവ് ഈ വാക്കു പറയുമ്പോൾ യഹൂദയും യെരുശലേമും തകർക്കപ്പെട്ടു കിടക്കുകയാണ്. B.C.586 ൽ ബാബിലോന്യർ ഈ പട്ടണത്തെ നശിപ്പിച്ചു 40 വർഷത്തേക്ക് ഈ പട്ടണം കുറുക്കന്മാരുടെ നിവാസമായിത്തീർന്നു. ആലയവും നശിപ്പിക്കപ്പെട്ടു. അതിലെ വസ്തുക്കളെല്ലാം കൊള്ളയടിക്കപ്പെട്ടു. എല്ലാം നാമാവശേഷമാക്കപ്പെട്ടിരിക്കുന്നു. എവിടെയും കൽക്കൂനകൾ മാത്രം. എന്നാൽ കോരെശ് രാജാവ് B.C.535 ൽ കല്പന പുറപ്പെടുവിച്ചപ്പോൾ ഒരു ശേഷിപ്പ് മടങ്ങി വന്നു. പക്ഷേ അവർക്ക് പണിയുവാനുള്ള യാതൊന്നും അവരുടെ കൈയ്യിൽ ഇല്ല. അവർ ആ ചണ്ടിക്കൂമ്പാരത്തിൽ നിന്ന് ചില തടിയും കല്ലും ഉപയോഗിച്ചു തങ്ങൾക്ക് വാസസ്ഥലങ്ങൾ ഉണ്ടാക്കി.

ഹഗ്ഗായി 1:6-9 ഇതിനെക്കുറിച്ച് പറയുന്നു. "നിങ്ങൾ വളരെ വിതച്ചിട്ടും അല്പമേ കൊണ്ടു വരുന്നുള്ളൂ; നിങ്ങൾ ഭക്ഷിച്ചിട്ടും പൂർത്തിവരുന്നില്ല. പാനം ചെയ്തിട്ടും തൃപ്തി വരുന്നില്ല; വസ്ത്രം ധരിച്ചിട്ടും ആർക്കും കുളിർ മാറുന്നില്ല; കൂലിക്കാരൻ ഓട്ടസഞ്ചിയിൽ ഇടുവാൻ കൂലിവാങ്ങുന്നു. നിങ്ങൾ അധികം കിട്ടുമെന്നു കാത്തിരുന്നു; എന്നാൽ അതു അല്പമായിത്തീർന്നു; നിങ്ങൾ അതു വീട്ടിൽ കൊണ്ടുവന്നു; ഞാനോ അതു ഊതിക്കളഞ്ഞു; അതെന്തുകൊണ്ട്? എന്റെ ആലയം ശൂന്യമായിക്കിടക്കുകയും നിങ്ങൾ ഓരോരുത്തനും താന്താന്റെ വീട്ടിലേക്കു ഓടുകയും ചെയ്യുന്നതു കൊണ്ട് തന്നെ എന്നു സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ അരുളപ്പാട്". നിങ്ങളുടെ ഈ പ്രയാസവേളക്ക് ഒരു പരിഹാരം ഉണ്ട് എന്നു യഹോവയായ കർത്താവ് പറയുന്നു: ഹഗ്ഗായി 1:8 ൽ "നിങ്ങൾ മലയിൽ ചെന്നു മരം കൊണ്ടുവന്നു ആലയം പണിവിൻ; ഞാൻ അതിൽ പ്രസാദിച്ചു മഹത്വപ്പെടും എന്നു യഹോവ കല്പിക്കുന്നു". ആലയം പണിയാനുള്ള ആഹ്വാനം; ദൈവത്തിന്റെ ഉദ്ദേശങ്ങൾക്ക് മുൻഗണന കൊടുക്കുക. ഈ ഉദ്ദേശം നിവർത്തീകരിക്കുന്നതിനു വേണ്ടി ജനത്തെ സഹായിക്കാനുള്ളതാണ് അഭിഷേകമെന്നു യെശയ്യാവ് പ്രതീക്ഷിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ നമ്മുടെ രാജ്യം, സംസ്ഥാനം, സംസ്കാരം എവിടെയാണ് എത്തി നില്ക്കുന്നത്. നമ്മുടെ പട്ടണങ്ങളും, ഭവനങ്ങളും പിശാച് നശിപ്പിച്ചിട്ടിരിക്കുകയല്ലേ? സാമൂഹ്യമായി ചിന്തിച്ചാൽ തമ്മിൽ ഭിന്നിച്ചിരിക്കുകയല്ലേ? മിക്ക കുടുംബങ്ങളിലും തകർച്ചയുടെ കല്ലും മണ്ണും മരവും ഒക്കെയെ കാണാനുള്ളൂ. ഈ അവസരത്തിൽ ദൈവം ദേശത്തോട്, സഭയോടു സംസാരിക്കുന്നു. അത്, ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ മേൽ പകർന്ന് നിങ്ങൾ അതുകൊണ്ട് അഭിഷിക്തരായിത്തീർന്ന് ഈ ലോകത്തിന്റെ സ്ഥിതിയ്ക്ക് ഭേദം വരേണ്ടതിനു ശുശ്രൂഷിക്കും.



ഈ അഭിഷേകം നല്കപ്പെട്ടിരിക്കുന്നത് ലോകത്തിൽ പുതിയ വ്യവസ്ഥിതി കൊണ്ടു വരേണ്ടതിനാണ്. ഈ അഭിഷേകം വരുമ്പോൾ യോബേൽ സംവത്സരം (Year of Jubilee) ആകും (യെശ. 61: 2). എല്ലാ ഏഴാം ദിവസവും ശബ്ബത്താചരിക്കേണം. അന്നു സ്വസ്ഥമായിരുന്നു വിശ്രമിച്ച്, ദൈവത്തോടുകൂടി ചെലവഴിച്ച് ബന്ധം പുതുക്കേണം എല്ലാ ഏഴാമത്തെ വർഷവും ദേശം കൃഷി ചെയ്യാതെ സ്വസ്ഥമായി കിടക്കുകയും ആ വർഷം മുഴുവൻ ജനം ദൈവത്തോടുകൂടെ ചെലവഴിച്ച് ആ ബന്ധത്തിൽ പുതുക്കം പ്രാപിക്കേണം. ലേവ്യ. 25:8-10 "പിന്നെ ഏഴു ശബ്ബത്താണ്ടായ ഏഴേഴു സംവത്സരം എണ്ണേണം. അങ്ങനെ ഏഴു ശബ്ബത്താണ്ടായ നാൽപത്തൊമ്പതു സംവത്സരം കഴിയേണം. അപ്പോൾ ഏഴാം മാസം പത്താം തീയതി മഹാധ്വനികാഹളം ധ്വനിപ്പിക്കേണം; പാപപരിഹാരദിവസത്തിൽ നിങ്ങൾ നിങ്ങളുടെ ദേശത്ത് എല്ലാടവും കാഹളം ധ്വനിപ്പിക്കേണം. അമ്പതാം സംവത്സരത്തെ ശുദ്ധീകരിച്ചു ദേശത്തെല്ലാടവും സകലനിവാസികൾക്കും ➡

സ്വാതന്ത്ര്യം പ്രസിദ്ധമാക്കേണം; അതു നിങ്ങൾക്കു യോബേൽ സംവത്സരമായിരിക്കേണം. നിങ്ങൾ താന്താന്റെ അവകാശത്തിലേക്കു മടങ്ങിപ്പോകേണം; ഓരോരുത്തൻ താന്താന്റെ കുടുംബത്തിലേക്കും മടങ്ങിപ്പോകേണം".

ഈ സ്വാതന്ത്ര്യവർഷത്തിൽ കാരാഗ്രഹവാസികളെ സ്വതന്ത്രമാക്കേണം. ആരെങ്കിലും പട്ടണം വിട്ട് അഭയാർത്ഥികളായി പോയിട്ടുണ്ടെങ്കിൽ മടങ്ങി വരേണം. കടം എഴുതിത്തള്ളേണം. കുടുംബങ്ങൾ യഥാസ്ഥാനപ്പെടേണം. ഈ അൻപതാം വർഷം വിധിക്കുന്ന അളവുകോൽ കരുണയുടെ അളവുകോൽ ആകേണം. സാമൂഹിക ഉച്ച നീചത്വങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ടി ആയിരുന്നു കടങ്ങൾ ഇളച്ചു കൊടുക്കുന്നതും, നിലങ്ങൾ മടക്കി കൊടുക്കുന്നതും ഒക്കെ. യിസ്രായേൽ അത് ഒരു സമൂഹമാണ്. അതിൽ സമത്വം, മര്യാദ എന്നിവ കാണേണം. എല്ലാം ഒന്നു പുതുക്കപ്പെടേണം അതിനായിട്ടാണ് ഈ വർഷം നൽകികൊടുത്തത്.

അഭിഷേകം പുതിയ ഒരു സാമൂഹികവ്യവസ്ഥിതി കൊണ്ടു വരും. നിർഭാഗ്യകരം എന്നു പറയട്ടെ യിസ്രായേൽ ദേശം യോബേൽ സംവത്സരം കൊണ്ടാടിയിട്ടില്ലായിരുന്നു. ദൈവം ആഗ്രഹിച്ചിരുന്ന സമൂഹനന്മയ്ക്കായി അവർ ജീവിച്ചതേ ഇല്ല. സത്യത്തിൽ അവർ ശബ്ബത്തുവർഷവും ആചരിച്ചില്ല. അങ്ങനെ ദേശത്ത് 490 വർഷം കഴിഞ്ഞപ്പോൾ ദൈവം തന്റെ കണക്കുബുക്കു പരിശോധിച്ചു അപ്പോൾ അവർ 70 ശബത്ത് കടപ്പെട്ടിരിക്കുന്നു എന്നു ദൈവം പറഞ്ഞു. 2 ദിനവൃത്താന്തം 36:20-21. "വാളിനാൽ വീഴാതെ ശേഷിച്ചവരെ അവർ ബാബേലിലേക്കു കൊണ്ടുപോയി; പാർസിരാജ്യത്തിനു ആധിപത്യം സിദ്ധിക്കുംവരെ അവർ അവിടെ അവനും അവന്റെ പുത്രന്മാർക്കും അടിമകളായിരുന്നു. യിരെമ്യാവു മുഖാന്തിരം ഉണ്ടായ യഹോവയുടെ വചനം നിവർത്തിയാകേണ്ടതിനും ദേശം അതിന്റെ ശബത്തുകളെ അനുഭവിച്ചു കഴിയുവോളം തന്നേ; എഴുപതു സംവത്സരം തികയുവോളം അതു ശൂന്യമായി കിടന്ന കാലമൊക്കെയും ശബ്ബത്തു അനുഭവിച്ചു. അതുകൊണ്ടു യിസ്രായേൽ മക്കൾക്കു അടിമത്വം ഒരുക്കപ്പെട്ടു. ആയതു നിമിത്തം ദേശം അവർക്കു കഴിയാതെ പോയ ശബ്ബത്തുകളെ ആചരിച്ചു. അവർ പ്രവാസത്തിനു ശേഷം അവരുടെ ദേശത്തേക്കു മടങ്ങി വന്നിരിക്കുന്നു. ദൈവം യെശയ്യാവിൽകൂടെ ഒരു യോബേൽ സംവത്സരം പ്രഖ്യാപിച്ചിരിക്കുന്നു. ഇത് പുതിയ ഒരു ജീവിതരീതിയുടെ പ്രഖ്യാപനമാണ്. അവർ കടമില്ലാത്ത ജനത്തിന്റെ സമൂഹമാകേണം. ഏതെങ്കിലും ആനുകൂല്യം ലഭിക്കുക എന്ന ഉദ്ദേശമല്ല മറിച്ച് ജനം സാക്ഷാൽ സ്വാതന്ത്ര്യം അനുഭവിക്കേണം. പരസ്പരം ഐക്യത്തോടും യോജിപ്പോടും കൂടെ കഴിയേണം. ഈ അടിമത്വത്തിനുശേഷം അവരുടെ ന്യായപ്രമാണത്തിൽ പറയുന്നതായ കാര്യങ്ങൾ അനുഷ്ഠിക്കാത്തതിന്റെ പാഠം പഠിച്ചു.

ഇവർ പുതിയ ഒരു സമൂഹമാണ്. ഈ യോബേൽ സംവത്സരം അതതിന്റേതായ നിലയിൽ അവർക്ക് ആചരിക്കേണമെങ്കിൽ അമാനുഷിക ശക്തി അവർക്ക് ആവശ്യമാണ്. ഈ ആത്മാവിന്റെ പ്രവർത്തി ചെയ്‌വാൻ അവർ അഭിഷേകം ചെയ്യപ്പെട്ടു. എന്നാൽ അവർക്ക് ഒരു സൗഖ്യവും ആവശ്യമാണ്. അനാരോഗ്യകരമായ ജനങ്ങൾ അനാരോഗ്യകരമായ സമൂഹത്തെ മാത്രമേ വാർത്തെടുക്കുകയുള്ളൂ. അവരെ പൂർവ്വസ്ഥിതിയിലേക്കു കൊണ്ടുവരുവാനും അവരിൽകൂടെ ഈ പ്രവർത്തി ചെയ്യേണ്ടതിനും അഭിഷേകം കടന്നു വന്നിരിക്കുന്നു.

അഭിഷേകവും തൈലവും. അഭിഷേകത്തിന് ഒലിവെണ്ണയുമായി ബന്ധമുണ്ട്. പഴയനിയമകാലത്ത് അഭിഷേകം എന്നു പറഞ്ഞാൽ വ്യത്യസ്തമായിരുന്നു. ഈ തൈലം തലമേൽ ഒഴിച്ച് തലമുടിയും, വസ്ത്രവും എല്ലാം അതിനാൽ നനയുമായിരുന്നു. എണ്ണ തേച്ചുള്ള കുളി, എണ്ണത്തോണി, ധാരകോരുക എന്നിവയൊക്കെ ഇന്നു ആയുർവേദ ചികിത്സയിൽ പ്രാവിണ്യം പ്രാപിച്ചിട്ടുണ്ട്. അതൊക്കെ അല്പം ചിലവേറിയ കാര്യവുമാണ്. ശരീരത്തിൽ ഉന്മേഷവും ഓജസ്സും മറ്റും ലഭിക്കേണ്ടതിനു ചെയ്യുന്നു. എന്നാൽ പഴയ നിയമകാലത്ത് എണ്ണ ശുദ്ധീകരണത്തോട് ബന്ധപ്പെട്ടാണ് ഇരുന്നിരുന്നത്. ആയതിനാൽ പരിശുദ്ധാത്മാവാകുന്ന എണ്ണ ശുദ്ധീകരിക്കുന്ന ഒന്നാണ്. *(തുടരും...)* ◆

**നമ്മുടെ പട്ടണങ്ങളും, ഭവനങ്ങളും പിശാച് നശിപ്പിച്ചിട്ടിരിക്കുകയല്ലേ? സാമൂഹ്യമായി ചിന്തിച്ചാൽ തമ്മിൽ ഭിന്നിച്ചിരിക്കുകയല്ലേ? മിക്ക കുടുംബങ്ങളിലും തകർച്ചയുടെ കല്ലും മണ്ണും മരവും ഒക്കെയെ കാണാനുള്ളൂ. ഈ അവസരത്തിൽ ദൈവം ദേശത്തോട്, സഭയോടു സംസാരിക്കുന്നു. അത്, ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെമേൽ പകർന്ന് നിങ്ങൾ അതുകൊണ്ട് അഭിഷിക്തരായിത്തീർന്ന് ഈ ലോകത്തിന്റെ സ്ഥിതിയ്ക്ക് ഭേദം വരേണ്ടതിനു ശുശ്രൂഷിക്കും.**

# പഠിച്ച് പ്രസംഗിക്കാം

**പാസ്റ്റർ എ.റ്റി. ജോസഫ്**

**'സുവിശേഷം പ്രസംഗിക്കുക'**, ഏകദേശം രണ്ടായിരം വർഷം പഴക്കമുള്ള വാക്കും, ക്രിയയുമാണിത്. എന്താണ് സുവിശേഷം? അതിന്റെ വിലയെന്ത്? പ്രസക്തിയെന്ത്? ഫലമെന്ത്? ആരാണിത് പ്രസംഗിക്കേണ്ടത്, ആരോട് പ്രസംഗിക്കേണം? എന്നിത്യാദികാര്യങ്ങൾ മനസ്സിലാക്കുന്ന ഒരാൾക്കു മാത്രമേ നല്ല സുവിശേഷ പ്രസംഗകനാകുവാൻ കഴിയുകയുള്ളൂ.

യേശുവിന്റെ കാൽവറി മരണപുനരുത്ഥാനങ്ങളിലൂടെയുള്ള മാനവജാതിയുടെ രക്ഷയാണല്ലോ സുവിശേഷത്തിന്റെ അന്തഃസത്ത. പണ്ഡിത പാമര വ്യത്യാസമില്ലാതെ ഏവരെയും രക്ഷിക്കുന്നതാണിത്. പാപം പെരുകിയ ആനുകാലിക ലോകത്തിൽ സുവിശേഷപ്രസംഗത്തിന്റെ പ്രസക്തി വാക്കും ഭാഷണവും കൂടാതെ മാധ്യമങ്ങൾ നമ്മെ ഓർപ്പിക്കുന്നു.

സുവിശേഷയോഗങ്ങൾ എന്നുള്ള ബോർഡും, സുവിശേഷപ്രസംഗങ്ങളും ഒരു കാലത്ത് കേരളത്തിലുണ്ടായിരുന്നു. അന്നാണ് ഇന്നത്തെക്കാൾ ആളുകൾ രക്ഷിക്കപ്പെട്ടുകൊണ്ടിരുന്നത് (ഇന്ന് കേരളത്തിൽ 'സഭ' വളരുന്നില്ലല്ലോ). അന്നൊക്കെ കണ്ണുനീരോടെ ആളുകൾ രക്ഷയ്ക്കുവേണ്ടി മാത്രം കൈയ്യുയർത്തുമായിരുന്നു. ഇന്നു ചിരിച്ചുകൊണ്ട് കാറും, വീടും, ജോലിയും കിട്ടുന്ന കൂട്ടത്തിൽ വളരെ ചെറിയ ഒരു കാര്യമായി 'രക്ഷ'യും മാറിയല്ലോ. ഭൗതീകനന്മയ്ക്ക് വേണ്ടി കരമുയർത്തുന്ന കൂട്ടത്തിൽ മഹാരക്ഷയും കിട്ടുന്നെങ്കിൽ കിട്ടട്ടെ എന്ന ലാഘവചിന്ത ഇന്നത്തെ പ്രസംഗകരെയും കേൾവിക്കാരെയും എത്തിച്ചിരിക്കുന്നത് വാണിഭ സംസ്ക്കാരത്തിന്റെ മദ്ധ്യത്തിലാണ്. സുവിശേഷയോഗങ്ങൾ ബിസിനസ്സ് മീറ്റിങ്ങുകളായി മാറുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഇക്കാലത്തെ കൺവൻഷനും, ഉപവാസപ്രാർത്ഥനകളും, മറ്റ് ആത്മീയ സംഗമങ്ങളും കയ്യടിയും അന്യഭാഷയും മാത്രം നിറഞ്ഞ, ഭൗതീകതയ്ക്കു വേണ്ടിയുള്ള മുറവിളിയായി മാറികൊണ്ടിരിക്കുന്നു. പെന്തക്കോസ്തുകാർ വെറും വികാരജീവികളായി മാറുന്നുവോ? എന്തുകേട്ടാലും ആത്മാവിലാകുന്ന (യോഗം കഴിയുമ്പോൾ ജഡത്തിലാകുന്ന) അവസ്ഥാവിശേഷം സംജാതമായിരിക്കുന്നു. അരുതാത്തത് പ്രസംഗിക്കുന്നവരെ മാത്രമല്ല, അത് കേട്ട് ഏലായിടുന്നവരെയും വിസ്തരിക്കുവാനുള്ള ഒരു സംവിധാനമുണ്ടായിരുന്നുവെങ്കിൽ എന്ന് ചിന്തിച്ചുപോകുന്നു.



പ്രസംഗം കയ്യിൽ ഇല്ലാത്തതുകൊണ്ട് പല പ്രസംഗകരും പ്രാർത്ഥിച്ചും പാടിയും സമയം കളയും, വേറെ ചിലർ അവിടെയോ, എവിടെയോ നടന്നത് പറഞ്ഞ് ഒന്നും ഇവിടെ നടത്താതെ നിർത്തുന്നു. നീണ്ട ഉപവാസയോഗങ്ങളിൽ വരുന്ന പ്രവാചകന്മാരെല്ലാം കെട്ടുകളും ബന്ധനങ്ങളും അഴിച്ച് ഒടുവിൽ ജനം 'കെട്ടഴിഞ്ഞവരായി' പോകുന്നു. വേറെ ചിലർ രോഗശാന്തി മാത്രം കൊടുക്കും ഒടുവിൽ പ്രസംഗകൻ ആശുപത്രി ആരംഭിക്കുന്നു. ചിലർക്കു പ്രവർത്തന വിശദീകരണവും പണം പിരിക്കലും മാത്രമായി പരസ്യശുശ്രൂഷകൾ അധഃപതിക്കുന്നു. വേറെ ചിലർ ആവർത്തനം കൊണ്ട് പൊതുവേദികളെ വിരസമാക്കുന്നു. പുതിയത് തയ്യാറാക്കാൻ സമയമില്ലാപോലും.

സമൂഹത്തെ മനസ്സിലാക്കി പ്രസംഗിക്കുന്നവരാകണം ദൈവദാസന്മാർ. ദുരൂപദേശങ്ങളെ ഖണ്ഡിച്ചും, സാമൂഹ്യ തിന്മകൾക്കെതിരെ ബോധവത്കരണം നടത്തിയും ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ വർണ്ണിച്ചും വേണം സുവിശേഷയോഗങ്ങളിൽ പ്രസംഗിക്കാൻ . സാവകാശം, സ്ഫുടമായി പ്രസംഗിച്ചെങ്കിലേ പുറത്തുള്ള ജനങ്ങൾക്ക് യേശുവിനെ മനസ്സിലാക്കാനാകൂ. മറ്റുതരത്തിലെ പ്രസംഗങ്ങൾ സഭാഹാളിനകത്ത് മാത്രമാക്കുന്നതാണ് ഉചിതം.

നന്നായി പ്രസംഗിക്കണമെങ്കിൽ നന്നായി പഠി ക്കണം. നാലും അഞ്ചും മണിക്കൂർ പ്രാർത്ഥനാപൂർവ്വം ഒരുങ്ങിയെങ്കിലേ ഒരു മണിക്കൂർ പ്രസംഗിക്കാൻ കഴിയൂ. ആദ്യം സ്വയം പ്രസംഗിച്ച് കേൾക്കണം. ഭേദഗതികൾ വരുത്തണം. ആശയങ്ങൾ അടുക്കടുക്കായി മനസ്സിൽ കരുതണം. ആരും ഒറ്റ ദിവസംകൊണ്ട് പ്രസംഗകരാകുന്നില്ല. ആത്മഭാരത്തിൽ നിന്നാകണം സുവിശേഷപ്രസംഗകർ ഉണ്ടാകേണ്ടത്, അസൂയ നിമിത്തമല്ല. നല്ല വായനാശീലം വളർത്തിയെടുക്കണം. ആനുകാലിക സംഭവ

➡

# വിശ്വാസിയുടെ ഓട്ടവും പോരാട്ടവും!

ഗ്രേസ്, കുമളി

**ക്രിസ്തീയ ജീവിതം** പോരാട്ടങ്ങൾ നിറ
ഞ്ഞതാണ്. ആ പോരാട്ടങ്ങളെ നാം ഏതു വിധ
ത്തിൽ നേരിടുന്നു എന്നതിനെ ആസ്പദമാക്കി
യാണ് ജയാപജയങ്ങൾ നിർണ്ണയിക്കപ്പെടുന്നത്.
കിരീടം പ്രാപിക്കണമെങ്കിൽ ചട്ടപ്രകാരം പോരാ
ടേണം. ഒരുത്തൻ മല്ലുകെട്ടിയാലും ചട്ടപ്രകാരം
പോരാടിയില്ലെങ്കിൽ കിരീടം പ്രാപിക്കയില്ല
(2 തിമോ. 2:5). ക്രിസ്തീയ ജീവിതം വിജയപ്രദ
മാക്കുവാൻ ദൈവവചനം നമുക്കു ചട്ടങ്ങളായും
പ്രമാണങ്ങളായും ഉപദേശങ്ങളായും നല്കിയിരി
ക്കുന്നു. ആകയാൽ നാം ദൈവവചനപ്രകാരം നല്ല
പോരാട്ടം പോരാടണം.

"ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു,
വിശ്വാസം കാത്തു; ഇനി നീതിയുടെ കിരീടം എനി
ക്കായി വച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാ
ധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക്
നല്കും" (2 തിമൊ. 4:7). എന്നു വിശുദ്ധ പൌ
ലോസ് തന്റെ അനുഭവം സാക്ഷ്യമായി പ്രസ്താ
വിച്ചിരിക്കുന്നു. ഈ സാക്ഷ്യം നാമും പ്രാപിക്കേ
ണം. നല്ല പോർ പൊരുതുന്നത് എങ്ങനെ? നാം
ആരോടാണ് പോരാടേണ്ടത്? എങ്ങനെ പോരാ
ടേണം? എന്തിനായി പോരാടണം? ഈ ചോദ്യ
ങ്ങൾക്കെല്ലാം തിരുവചനമെന്ത് ഉത്തരം നല്കുന്നു
എന്നു ചിന്തിക്കാം.

നമുക്കു പോരാട്ടം ഉള്ളത് മനുഷ്യരോടല്ല (ജ
ഡരക്തങ്ങളോടല്ല). വാഴ്ചകളോടും അധികാരങ്ങ
ളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതിക
ളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും
നമുക്ക് പോരാട്ടമുണ്ട്. ദൈവവചനത്തെ മുറുകെ
പിടിച്ച്കൊണ്ട് പരിശുദ്ധാത്മാഭിഷേകത്താൽ നിറ
ഞ്ഞ് നാം പിശാചിനോട് പോരാടണം. മാത്രമല്ല
പാപത്തോടും ജഡത്തിന്റെ പ്രവർത്തികളോടും
നാം പോരാടണം. പാപത്തോട് പോരാടുന്നതിൽ
നാം പ്രാണത്യാഗത്തോളം എതിർത്തു നിൽക്കേ
ണം. പാപം വിഷമുള്ളതാണ്. "മരണത്തിന്റെ വിഷ
മുള്ള് പാപം; പാപത്തിന്റെ ശക്തിയോ ന്യായപ്ര
മാണം"(1 കൊരി. 15:56).

ഒരു ക്രിസ്തീയ ഭക്തന്റെ വിശ്വാസവും ജീവി
തവും പരസ്പരപൂരകങ്ങൾ ആയിരിക്കേണം. നാം
ക്രിസ്തീയജീവിതത്തിൽ എങ്ങനെ ഓടണം?
1) നമ്മുടെ ഭാരങ്ങളെവിട്ട് ഓടണം, 2) പിമ്പിലുള്ള
തിനെ മറന്ന് ഓടണം, 3) മുറുകെ പറ്റുന്ന പാപം
വിട്ട് ഓടണം, 4) സ്ഥിരതയോടുകൂടെ ഓടണം, 5)
ലക്ഷ്യത്തിലേക്ക് ഓടണം. നാം ദൈവഹിത ➡

---

➡

ങ്ങളെക്കുറിച്ച് ഒരു ഏകദേശ ധാരണയുണ്ടായിരി
ക്കണം. "നരസിംഹറാവു പണ്ട് കേരളത്തിൽ
വരുന്നു എന്നു കേട്ടപ്പോൾ ആരാണത് ഇപ്പോഴ
ത്തെ മാർപ്പാപ്പയാണോ എന്ന്" സംശയം ചോ ദിച്ച
ഉപദേശിമാരെക്കുറിച്ച് കേട്ടിട്ടുണ്ട്.

പ്രസംഗം സുവിശേഷകന്റെ തൊഴിലാണ്.
യേശു അയച്ചത് പ്രസംഗിക്കാനാണ്. വളരെ ഒരു
ക്കത്തോടെ, ശ്രദ്ധാപൂർവ്വം പ്രസംഗിച്ചാൽ ഫലം
ഉണ്ടാകും നിശ്ചയം. ചെറിയ ഒരു സദസ്സിനെ നോ
ക്കി നാലക്ഷരം വിറയ്ക്കാതെ പറയാൻ കഴിയാ
ത്തവർക്ക് ജനത്തെ എങ്ങനെ മുട്ടുവിറയ്ക്കാതെ
നടത്താൻ സാധിക്കും? സഭാകമ്പം മറികടക്കാൻ
കഠിനപ്രയത്നം ആവശ്യമാണ്. പത്തുപേർ കൂടി
യിരിക്കുന്ന സദസ്സിനെ അഭിമുഖീകരിച്ച് രണ്ടക്ഷരം
പറയാൻ തനിക്ക് കഴിയില്ലായിരുന്നുവെന്ന് മഹാ
ത്മാഗാന്ധി തന്റെ 'സത്യാന്വേഷണ പരീക്ഷണ
കഥ' എന്ന ആത്മകഥയിൽ പറയുന്നുണ്ട്. ബാരി
സ്റ്റർ പരീക്ഷ പാസ്സായതിനുശേഷം കോടതിയിൽ
കേസ് വാദിക്കാൻ എഴുന്നേറ്റ അദ്ദേഹത്തിന് തല
ചുറ്റലും ബോധക്ഷയവും ഉണ്ടായി. എങ്കിലും കഠി
നാദ്ധ്വാനം കൊണ്ട് മഹാസമ്മേളനങ്ങളെ അഭിസം
ബോധന ചെയ്യുന്ന വ്യക്തിത്വമായി അദ്ദേഹം വള
ർന്നു. പൗലോസും സ്പർജനും ഡി. എൽ. മൂഡി
യും ബില്ലിഗ്രഹാമും ഇങ്ങനെ എത്രയോപേർ സു
വിശേഷം എന്ന സ്വർഗ്ഗീയ അഗ്നി ഭൂമിയിൽ കൊ
ളുത്തിയവരാണ്. കണ്ണുകളടച്ച് പ്രാർത്ഥിക്കാൻ
പൊതുവേദിയിൽ പ്രയാസമില്ല, എന്നാൽ കണ്ണു
തുറന്ന് പ്രസംഗിക്കുക ബുദ്ധിമുട്ടുള്ള കാര്യമാണ്.
ശ്രോതാക്കൾ സമഗ്രവ്യക്തിത്വത്തിന്റെ ഉടമകളാ
കുമ്പോൾ അത് കൂടുതൽ ബുദ്ധിമുട്ടാകും. എങ്കി
ലും പ്രസംഗിക്കാൻ അയച്ചവൻ കൈവിടില്ല. അവ
നിൽ ആശ്രയിക്കാം, അവനെ പ്രസംഗിക്കാം. ❖

പ്രകാരം ഓടുകയാണെങ്കിൽ പ്രതിഫലം ലഭിപ്പാൻ ഇടയാകും. അതുപോലെ കിരീടങ്ങൾ ലഭിപ്പാനും ഇടയാകും. നീതിയുടെ കിരീടം, വാടാത്ത കിരീടം, ജീവകിരീടം, പ്രശംസാകിരീടം എന്നിങ്ങനെ പല കിരീടങ്ങൾ കർത്താവു നമുക്കായി വെച്ചിട്ടുണ്ട്.

എന്താണ് വിശ്വാസി ധരിക്കേണ്ടത്? 1) നീതിയുടെ അങ്കി ധരിക്കേണം, 2) ക്രിസ്തുവിനെ ധരിക്കേണം, 3) പുതുമനുഷ്യനെ ധരിക്കേണം, 4) വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിക്കേണം, 5) സർവ്വായുധവർഗ്ഗം ധരിക്കേണം. ജീവിതയാത്രയിൽ ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്താൽ ദൈവത്തിന്റെ മഹത്വം പ്രദർശിപ്പിക്കുവാൻ നമുക്കു കഴിയണം. അതിനാണ് നമ്മെ ഓരോരുത്തരെയും ക്രിസ്തു യേശുവിന്റെ രക്തത്താൽ വിശുദ്ധ വംശവും രാജകീയ പുരോഹിതവർഗ്ഗമായും തിരഞ്ഞെടുത്തത്.

നാം ക്രിസ്തീയ ജീവിതത്തിൽ എങ്ങനെ ഉറച്ചു നിൽക്കണം? 1) ആദ്യമായി നാം ക്രിസ്തുവിൽ ഉറച്ച് നിൽക്കണം, 2) വിശ്വാസത്തിൽ നിലനിൽക്കണം, 3) സത്യത്തിൽ ഉറച്ചു നിൽക്കണം, 4)സാത്താനെതിരെ ഉറച്ച് നില്ക്കണം, 5) സഹിഷ്ണുതയിൽ ഉറച്ച് നിൽക്കണം. ഇപ്പോൾ അനേകരുടെ ക്രിസ്തീയജീവിതം തകിടം മറിഞ്ഞുകൊണ്ടിരിക്കുകയാണ്. കർത്താവിന്റെ വരവ് ആസന്നമായിരിക്കുന്നു. കർത്താവ് എപ്പോൾ ഏത് നേരത്ത് വരുമെന്ന് ആർക്കും പറയുവാൻ സാദ്ധ്യമല്ല. ആയതിനാൽ നാം ഓരോരുത്തരും ഒരുക്കമുള്ളവർ ആയിരിക്കണം. വിവിധങ്ങളായ ചിന്തകളാലും നിരൂപണങ്ങളാലും മനുഷ്യന്റെ മനസ്സിനെ സാത്താൻ മലിനമാക്കി കൊണ്ടിരിക്കുന്നു.

സർപ്പം ഹവ്വായുടെ മനസ്സ് മലിനമാക്കി ഉപായത്താൽ ചതിച്ചതുപോലെ ഇന്നും ദൈവമക്കളുടെ മനസ് മലിനമാക്കുവാൻ സാത്താൻ പലതന്ത്രങ്ങളും പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. വഞ്ചകനായ സാത്താനോടും അവന്റെ തന്ത്രങ്ങളോടും എതിർത്തു നിൽക്കുവാൻ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കേണം. അരെക്കു സത്യം കെട്ടിയും നീതിയെന്ന കവചം ധരിച്ചും സമാധാനസുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരിപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുത്തുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ട് നിൽക്കണം. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊള്ളണം (എഫേ. 6:14-18).

ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നുവെങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളൂ. നിങ്ങളും പ്രാപിപ്പാന്തക്കവണ്ണം ഓടുവിൻ എന്നു പറഞ്ഞ പൗലോസ് വിരുതു പ്രാപിക്കണം എന്ന നിശ്ചയത്തോടുകൂടി തന്റെ ഓട്ടം ഓടി തികച്ചു. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിന്റെ മുഖത്തേക്ക് മാത്രം നോക്കി, നമ്മുടെ ഓട്ടം സ്ഥിരതയോടെ ഓടാം. വിശ്വാസത്തിന്റെ നല്ല പോർ പൊരുത്, ഓട്ടം തികച്ചു, വിശ്വാസം കാത്തു ജയാളികളായി കർത്താവിന്റെ വരവിൽ എടുത്തു കൊള്ളപ്പെടുന്നവർക്കു ലഭിക്കുന്ന നീതിയുടെ കിരീടത്തിനു നമുക്കു ഏവർക്കും അവകാശികളായി തീരാം. ❁

---

ഗാനം

# നില്ക്കൂ! ഒന്നു ചിന്തിക്കൂ!

*തകിടിയിൽ ജോൺ വർഗ്ഗീസ്,*
*ഫിലെദൽഫിയ*

1. ഇന്നു നിൻ വായ് തുറന്നേറെ ദുർവാക്കുകൾ
ചൊല്ലുന്നതിൻ മുമ്പേ ഒന്നു നീ ഓർക്കുക,
മിണ്ടുവാൻ പോലും കഴിയാത്തൊരീ കൊച്ചു-
കുഞ്ഞിന്റെ കാര്യം ദയനീയമല്ലയോ?

2 ഇന്നു നിൻ ഭക്ഷണത്തിനു രുചിപോരെ-
ന്നമ്മ തൻ മുമ്പിൽ നീ ശാഠ്യം പിടിക്കവെ,
ചിന്തിച്ചു കൊൾകയിന്നെത്രയോ പൈതങ്ങൾ
കണ്ണീരൊഴുക്കുന്നുണ്ടല്പഭോജ്യത്തിനായ്!!

3 ഇന്നു നീ "എൻ പതി സ്നേഹമില്ലാത്തവൻ"
എന്നു പരാതി തൻ ഭാണ്ഡം തുറക്കവേ,
കണ്ണുനീരോടെത്ര നാരിമാർ കേഴുന്നു
"ദൈവമേ നല്കണേ മംഗല്യസൗഭാഗ്യം"!

4 "എത്രമേൽ നാഴികയുണ്ടു കാറെത്തുവാൻ"?
തത്രപ്പെടുന്ന നീ ഒന്നു ചിന്തിക്കുമോ?
ദൂരം കണക്കെടുക്കാതെ നിത്യേനയും
പാരിതിൽ കാൽനട ചെയ്യുന്ന സാധുവെ!

5 ഇന്നു നിൻ ജോലിതൻ 'അദ്ധ്വാനഭാര'ത്തെ
ച്ചൊന്നു വിലാപം മുഴക്കുന്ന സോദരാ,
ചിന്തിക്കുകെത്രപേരിന്നും നടക്കുന്നുണ്ട-
ന്തിയോളം ജോലിതേടി നിരാശനായ്!!

6 "ജീവിതമാകെ മടുത്തുപോയെന്നു" ചൊ-
ന്നാവലാതിപ്പെട്ടു നീറുന്ന മാനവാ,
മൃത്യുവന്നെത്തുകിലെന്തിനു മന്നിതിൽ
ദുഃഖാർത്തനായി വിലപിപ്പതീ വിധം? ◆

# നീ ക്ഷീണിച്ചു പോയാൽ !!

പാസ്റ്റർ സണ്ണി ഫിലിപ്പ്, റാന്നി

**തിരുവചനം** പറയുന്നു "കാലാളുകളോട് ഓടീട്ട് നീ ക്ഷീണിച്ചുപോയാൽ കുതിരകളോട് എങ്ങനെ മത്സരിച്ചോടും? സമാധാനമുള്ള ദേശത്ത് നീ നിർഭയനായിരിക്കുന്നു എന്നാൽ യോർദ്ദാന്റെ വൻകാട്ടിൽ നീ എന്തു ചെയ്യും?" ഇതൊരു ചോദ്യമാണ്, നീ ക്ഷീണിച്ചുപോയാൽ എന്തു ചെയ്യും? പലപ്പോഴും പരാജയത്തിന് അടിമകളാകുന്നവർ ക്ഷീണിച്ചു പോകാറുണ്ട്? എന്നാൽ ഒരു ദൈവപൈതൽ ക്ഷീണിച്ചു പോയാൽ എന്തു ചെയ്യും? ഓടീട്ടു ക്ഷീണിച്ചാൽ മുമ്പിൽ കുതിരകളോടു മത്സരിക്കുവാനുണ്ട്? അപ്പോൾ എന്തു ചെയ്യും? (യിരെ. 12:5).

ദൈവദാസനായ ദാവീദ് ഇപ്രകാരം പറയുന്നു എന്റെ ഹൃദയം ക്ഷീണിക്കുമ്പോൾ ഞാൻ ഭൂമിയുടെ അറ്റത്ത്നിന്നു നിന്നെ വിളിച്ചപേക്ഷിക്കും. ദാവീദിന് അനേകം പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ഒരിക്കൽ സഹികെട്ടപ്പോൾ താൻ ഇപ്രകാരം പറഞ്ഞു ഞാൻ ഒരു ദിവസം ശൗലിന്റെ കയ്യാൽ നശിക്കുകയെയുള്ളൂ (1 ശമു. 27:1; സങ്കീ. 61:2). താൻ അത്രയ്ക്ക് സഹിച്ചു മടുത്തു. ഒരു അഭിഷിക്തൻ ശത്രുവിന്റെ കയ്യാൽ മരിക്കുകയുള്ളൂ, എന്റെ യോഗം അങ്ങനെയാണ് എന്നൊക്കെ പറഞ്ഞാൽ അഥവാ അങ്ങനെ സംഭവിച്ചാൽ അത് ദൈവനാമത്തിന് കുറച്ചിലാണ്. ദൈവം അങ്ങനെ ചെയ്യുന്നവനല്ല. ശത്രുവിന്റെ മുമ്പിൽ നിങ്ങളെ നമ്മെ അമ്മാനമാടുവാൻ അവൻ ഏല്പിച്ചു കൊടുക്കുന്ന ദൈവമല്ല.

ഒരിക്കൽ ഏശാവ് ക്ഷീണിച്ചു കാരണം അവന്റെ യാത്ര വെളിമ്പ്രദേശത്താണ്. ഈ ലോകമാകുന്ന വെളിമ്പ്രദേശത്തു കൂടി സഞ്ചരിക്കുന്ന ഏശാവ് ക്ഷീണിച്ചത് അതിശയമോ? അങ്ങനെ അവൻ ക്ഷീണിച്ചതിനാൽ അവന് തന്റെ ജേഷ്ഠാവകാശം നഷ്ടപ്പെടുത്തേണ്ടി വന്നു. തിരുവചനം ഇങ്ങനെ പറയുന്നു: അവൻ പിന്നത്തേതിൽ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ചു കണ്ണുനീരോട് കൂടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു മാനസാന്തരത്തിന് ഇട കണ്ടില്ല (എബ്രാ. 12:17). ജീവിതത്തിൽ നാം തളരുത് ക്ഷീണിക്കരുത്. ഇംഗ്ലീഷ് നോവലിസ്റ്റായ ജെയിംസ് ജോയ്സ് ഒരു നോവൽ എഴുതുകയുണ്ടായി. അത് ഏഴ് വർഷംകൊണ്ടാണ് താൻ എഴുതിതീർത്തത്. എന്നാൽ അത് പ്രസിദ്ധീകരിക്കുവാൻ പലരും തയ്യാറായില്ല. പക്ഷേ താൻ തളർന്നില്ല, ക്ഷീണിച്ചതുമില്ല. ആ നോവലിന്റെ പേര് യൂജിസസ്സ് എന്നായിരുന്നു. എന്നാൽ ചിലനാളുകൾ കഴിഞ്ഞപ്പോൾ ആ നോവൽ തേടി ചില പ്രസാധകർ വന്നു. അങ്ങനെ ജെയിംസ് ജോയിസ്സിന്റെ നോവൽ വെളിച്ചം കണ്ടു. ഒടുവിൽ ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മഹത്തായ ഇംഗ്ലീഷ് നോവലായി യൂജിസസ്സ് പരിഗണിക്കപ്പെട്ടു നാം ഒരിക്കലും ക്ഷീണിക്കരുത്.

സംഖ്യാപുസ്തകത്തിൽ നാം ഇങ്ങനെ കാണുന്നു. പിന്നെ അവർ ഏദോം ദേശത്തെ ചുറ്റി പോകുവാൻ ഹോർ പർവ്വതത്തിൽനിന്ന് ചെങ്കടൽ വഴിയായി യാത്രപുറപ്പെട്ടു വഴി നിമിത്തം ജനത്തിന്റെ മനസ്സ് ക്ഷീണിച്ചു (21:4). കനാൻ നാട്ടിലേക്ക് യാത്ര ചെയ്യുന്ന ജനത്തിന്റെ മനസ്സ് ക്ഷീണിച്ചു ഈ ലോകയാത്ര നമ്മെ തളർത്തുന്നതാണ് ക്ഷീണിപ്പിക്കുന്നതാണ് 107-ാം സങ്കീർത്തനത്തിൽ ഇപ്രകാരം വായിക്കുന്നു, അവർ മരുഭൂമിയിൽ ജനസഞ്ചാരമില്ലാത്ത വഴിയിൽ ഉഴന്നു നടന്നു പാർപ്പാൻ ഒരു പട്ടണവും അവർ കണ്ടെത്തിയില്ല. അവർ വിശന്നും ദാഹിച്ചും ഇരുന്നു, അവരുടെ പ്രാണൻ അവരുടെ ഉള്ളിൽ തളർന്നു (വാ. 4,5).

ജീവിതയാത്രയിൽ നഷ്ടങ്ങൾ വരുമ്പോൾ നഷ്ടത്തെ ലാഭമാക്കുന്ന ദൈവത്തിൽ നാം ആശ്രയിക്കണം. ഒരു പുരുഷായുസ്സ് മുഴുവനും കഠിനാധ്വാനംകൊണ്ട് വാരിക്കൂട്ടിയ സമ്പാദ്യം ഒരു രാ ത്രികൊണ്ട് എരിഞ്ഞമർന്നപ്പോൾ എഡിസൺ തന്റെ മകനോട് പ്രതികരിച്ചത് ഇങ്ങനെയായിരുന്നു: മോനെ എവിടെയാണു നിന്റെ മമ്മി. മമ്മിയെ ഉടൻ വിളിച്ചുകൊണ്ട് വരിക ഇതുപോലൊരു കാഴ്ച കാണുവാൻ ഇനി ഒരിക്കലും അവസരം ഉണ്ടായെന്നു വരികയില്ല. എന്താണ് സംഭവിച്ചത്: 1914 ഡിസംബർ 9 രാത്രി ആ സംഭവം നടന്നു അമേരിക്കയിലെ ന്യൂജേഴ്സിയിലുള്ള അതിപ്രശസ്തമായ എഡിസൺ ഇൻഡസ്ട്രീസ് മുഴുവനും അഗ്നിജ്വാലകൾ വിഴുങ്ങി. അതു കണ്ടു നില്ക്കുവാൻ മാത്ര

➡

മേ അദ്ദേഹത്തിനു കഴിഞ്ഞുള്ളൂ. ഈ അവസരത്തിലാണു തന്റെ മകൻ അദ്ദേഹത്തിന്റെ അടുത്തേക്കു വന്നത്. താൻ നിരാശപ്പെട്ടില്ല, അടു ത്ത ദിവസം ആ ചണ്ടിക്കൂമ്പാരം എഡിസൺ നടന്നു കാണുമ്പോൾ താൻ മകനോട് ഇപ്രകാരം പറ ഞ്ഞു: ഈ ദുരന്തത്തിന് വലിയൊരു മൂല്യമുണ്ട്. നമ്മുടെ കുറവുകളെല്ലാം കത്തിച്ചാമ്പലായി. ഇനി യും പുതുതായി ഒന്നു തുടങ്ങുമ്പോൾ നമുക്ക് അ വസരം കൈവരുത്തിയ ദൈവത്തോട് നന്ദി പറ യാം. ഈ വാക്കുകൾ എഡിസൺ മകനോട് പറയുമ്പോൾ അദ്ദേഹത്തിന് പ്രായം 67വയസ്സായി എന്നോർക്കണം. കമ്പനിക്ക് ഇൻഷ്വർ ഇല്ലാഞ്ഞതിനാൽ തനിക്കുണ്ടായ സാമ്പത്തിക നഷ്ടം 20 ലക്ഷം ഡോളർ ആയിരുന്നു. അതും 1914-ൽ. ഈ നഷ്ടബോധം അദ്ദേഹത്തെ ക്ഷീണിപ്പിച്ചില്ല. ഉറക്കം നഷ്ടപ്പെട്ട അദ്ദേഹം മനോരോഗിയായില്ല. നഷ്ടപ്പെട്ടതിനെ തിരിച്ചുപിടിക്കാം എന്ന ഒരു ആത്മവിശ്വാസം അദ്ദേഹത്തിൽ അലതല്ലി. അദ്ദേഹം പ്രവർത്തനങ്ങളിൽ കർമ്മനിരതനായി. അങ്ങനെ ചില ആഴ്ചകൾ കഴിഞ്ഞപ്പോഴേക്കും അദ്ദേഹം മറ്റൊരു കണ്ടുപിടുത്തം നടത്തി അതാണ് "ഫോണോഗ്രാഫ്" ഇത് ഉദ്ധരിച്ചത് എന്തിനെന്നു വച്ചാൽ നാം ക്ഷീണിക്കാതിരിക്കുവാനാണ്.

അബ്രഹാം ക്ഷീണിച്ചില്ലാ എന്നാണ് നാം വചനത്തിൽ കാണുന്നത് (റോമ. 4:19).അവൻ ഏകദേശം നൂറു വയസ്സുള്ളവനാകയാൽ തന്റെ ശരീരം നിർജ്ജീവമായിപ്പോയതും സാറായുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വം ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണിച്ചില്ല. ക്ഷീണിച്ചുപോകുവാൻ തക്ക ഒരുപാട് കാരണങ്ങൾ ഉണ്ടായിരുന്നിട്ടും ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം അവനെ തളർത്തിയില്ല.

ക്ഷീണിച്ചു പോകാതിരിപ്പാൻ രണ്ട് കാപ്സ്യൂൾ കുറിച്ചുകൊണ്ട് ഈ ലേഖനം ഇവിടെ അവസാനിപ്പിക്കാം. 1) എബ്രാ. 12:3. "നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾക". ഇത് രാവിലെയും വൈകിട്ടും കഴിക്കുക. ഒപ്പം തന്നെ രണ്ടാമത്തെ കാപ്സൂൾ യെശ. 40:31. "യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും". ഇതും രാവിലെയും വൈകിട്ടും സേവിക്കുക. നാം ക്ഷീണിച്ചുപോകയില്ല. ★

# കർത്തൃസന്നിധിയിൽ



**റാന്നി:** ഈട്ടിച്ചുവട് കിഴക്കേപറമ്പിൽ വീട്ടിൽ **കെ.എ. ഫിലിപ്പ്** (82) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 6.02.2011 ഞായറാഴ്ച റാന്നി ടി.പി.എം. സെമിത്തേരിയിൽ സംസ്ക്കാരം നടത്തി. റാന്നി എബനേസർ ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിരുന്ന പരേതൻ ദേശത്തു ഭക്തനും നല്ല സാക്ഷ്യമുള്ളവനുമായി ജീവിച്ചു. പരേതന്റെ മകൾ മേഴ്സി - എ. വി. സണ്ണി കുടുംബം കുവൈറ്റ് ദൈവസഭയിലെ അംഗങ്ങളും കേരളാസ്റ്റേറ്റിലെ ദൈവസഭയുടെ പ്രവർത്തനങ്ങൾക്ക് വളരെയധികം കൈത്താങ്ങൽ നൽകുന്നവരുമാണ്. സ്റ്റേറ്റ് ഓവ ർസീയർ പാസ്റ്റർ എം. കുഞ്ഞപ്പിയും, പാസ്റ്റർ കെ. എ. ഉമ്മനും ഭവനത്തിലെത്തി ആശ്വാസവചനങ്ങൾ നൽകുകയും പ്രാർത്ഥിക്കുകയും ചെയ്തു.

ഭാര്യ- അമ്മിണി ഫിലിപ്പ്. *മറ്റുമക്കൾ/മരുമക്കൾ:* രാജൻ/ലിസി, ജെസ്സി/രാജു വർഗീസ്, വത്സമ്മ/ബെന്നി ജെയിംസ്, സാം/ഷിബി, സജി/ബീനാ.

# Y.P.E. വാർത്തകൾ

## സമ്മർക്യാമ്പ് പത്തനംതിട്ടയിൽ

വൈ.പി.ഇ. സമ്മർക്യാമ്പ് പത്തനംതിട്ട **A.G.T. ഓഡിറ്റോറിയത്തിൽവെച്ച് ഏപ്രിൽ** മാസം **14,15** തീയതികളിൽ നടക്കും. Y.P.E. പ്രസിഡന്റ് പാസ്റ്റർ വൈ. റെജി ക്യാമ്പ് ഉത്ഘാടനം ചെയ്യും. പാസ്റ്റർ ബെൻസൺ മത്തായി മുഖ്യസന്ദേശം നല്കും. അനിൽ കൊടിത്തോട്ടം, പാസ്റ്റർ പി. ജെ. ജെയിംസ് എന്നിവരെ കൂടാതെ വൈ.പി.ഇ. ബോർഡും ശുശ്രൂഷകൾക്ക് നേതൃത്വം നല്കും.

"വിഷൻ, മിഷൻ ആന്റ് സബ്മിഷൻ" എന്നത് ക്യാമ്പിന്റെ തീം ആയിരിക്കും. ➡

## വൈ.പി.ഇ. ചാരിറ്റി വിതരണം

കഴിഞ്ഞവർഷങ്ങളിൽ ചെയ്തുവന്നതുപോലെ ഈ വർഷവും ദൈവസഭയുടെ കേരളാസ്റ്റേറ്റിന്റെ വിവിധ മേഖലകളിൽ സ്കൂൾകിറ്റുകൾ വിതരണം ചെയ്യുവാൻ ആഗ്രഹിക്കുന്നു. അർഹതയുള്ള കുട്ടികൾ സഭാ പാസ്റ്ററുടെ ശുപാർശയോടെ അപേക്ഷ Y.P.E.ഓഫീസിൽ എത്തിക്കുക. ഈ ശുശ്രൂഷയിൽ Y.P.E.ബോർഡിനെ സഹായിക്കാൻ താത്പര്യമുള്ള വ്യക്തികളും സഭകളും എത്രയും വേഗം സ്റ്റേറ്റ് ഓഫീസുമായി ബന്ധപ്പെടുവാൻ അഭ്യർത്ഥിക്കുന്നു

## വൈ.പി.ഇ. സുവനീർ പ്രസിദ്ധീകരിക്കുന്നു

ദൈവസഭ കേരളാസ്റ്റ് Y.P.E 2011ലെ സ്റ്റേറ്റ് ക്യാമ്പിനോടനുബന്ധിച്ച് സുവനീർ പ്രസിദ്ധീകരിക്കുന്നു. പ്രമുഖ ക്രൈസ്തവ എഴുത്തുകാരും വേദശാസ്ത്രജ്ഞരും ലേഖനങ്ങൾ എഴുതുന്നു. ഈ സുവനീറിലേക്ക് യുവജനങ്ങളിൽ നിന്ന് കഥകൾ, ലേഖനങ്ങൾ, കവിതകൾ, ഭാവനകൾ, ക്ഷണിച്ചുകൊള്ളുന്നു. പരസ്യം നൽകുവാൻ താല്പര്യമുള്ളവർ അറിയിച്ചാൽ കുറഞ്ഞ നിരക്കിൽ ക്രമീകരണം ചെയ്യുന്നതാണ്.

*പാസ്റ്റർ എ.ടി. ജോസഫ്പബ്ളിസിറ്റി കൺവീനർ, Y.P.E*

# സഭാവാർത്തകൾ

## അടൂർ നോർത്ത് ഡിസ്ട്രിക്റ്റ്

കന്നിമല: അടൂർ നോർത്ത് ഡിസ്ട്രിക്റ്റിന്റെ മാസയോഗം 2011 ഫെബ്രുവരി 12 ശനിയാഴ്ച ഡിസ്ട്രിക്റ്റ് പാസ്റ്റർ എം. ജോൺസന്റെ അദ്ധ്യക്ഷതയിൽ കന്നിമല സഭയിൽ വച്ച് അനുഗ്രഹകരമായി നടന്നു. പാസ്റ്റർ റജിമാത്യു ദൈവവചനം ശുശ്രൂഷിച്ചു. ഡിസ്ട്രിക്റ്റിലെ കർത്തൃദാസന്മാരും വിശ്വാസികളും സംബന്ധിച്ചു. പാസ്റ്റർ എ. എം. ചെറിയാൻ ഇവിടെ ശുശ്രൂഷിക്കുന്നു.

## പയ്യനാമൺ ഡിസ്ട്രിക്റ്റ്

20-02-2011ൽ തണ്ണിത്തോട് ശാലേം സഭയിൽ 4 പേർ വിശ്വാസ സ്നാനം സ്വീകരിച്ച് സഭയോടു ചേർന്നു. സ്നാനശുശ്രൂഷ ഡിസ്ട്രിക്റ്റ് പാസ്റ്റർ എം. ഇ. ബേബി നിർവ്വഹിച്ചു. പാസ്റ്റർ അലക്സ് ഏബ്രഹാം ഈ സഭയിൽ ശുശ്രൂഷിക്കുന്നു.

## സഭാഹാൾ പ്രതിഷ്ഠിച്ചു




കോട്ടയം ഈസ്റ്റ് ഡിസ്ട്രിക്റ്റിൽ പൊങ്ങൻപാറ ദൈവസഭയ്ക്കു വേണ്ടി പണികഴിപ്പിച്ച ആരാധനാലയത്തിന്റെ പ്രതിഷ്ഠാശുശ്രൂഷ 2011 ഫെബ്രുവരി 16-ാം തീയതി സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി അവർകൾ നിർവ്വഹിച്ചു. ഡിസ്ട്രി ക്റ്റ് പാസ്റ്റർ ഏബ്രഹാം മാത്യു അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ പി. എൻ. ഫിലിപ്പ്, ബാബു ഇടിക്കുള, എ.പി. തോമസ്, ജോൺ വർഗീസ്, ബ്രദർ പി. കെ. ജോർ ജ്ജുകുട്ടി, സിസ്റ്റർ ഷോൺ തോമസ് എന്നിവർ ആശംസ അറിയിച്ചു. പാസ്റ്റർ എം. എം. ശശിധരൻ ഇവിടെ ശുശ്രൂഷിക്കുന്നു.



മണ്ണാരക്കുളഞ്ഞി ദൈവസഭ സ്റ്റേറ്റ് ഓഫീസ് കോംപ്ലക്സിന്റെ പണിക്കായി വാഗ്ദാനം ചെയ്ത തുകയുടെ ആദ്യഗഡുവായ Rs.75,000 സഭാ സെക്രട്ടറി ബ്രദർ ജോൺ തോമസിൽ നിന്നും സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി സ്വീകരിക്കുന്നു.

സഭാശുശ്രൂഷകൻ പാസ്റ്റർ ശാമുവേൽ ഫിലിപ്പ് സമീപം.

K.S.A. ഓവർസീയർ റവ. രാജൻ ശാമുവേലും കുടുംബവും ഓഫീസ് കോംപ്ലക്സിന്റെ ഒരു മുറി സ്പോൺസർ ചെയ്തതിന്റെ ആദ്യഗഡുവായ ഒരുലക്ഷം രൂപ സ്റ്റേറ്റ് ഓവർസീയറെ ഏല്പിച്ചു.

*അനേകവർഷങ്ങളായി മുളക്കുഴ സീയോൻകുന്നിൽ ദൈവസഭയുടെ ആരാധന നടന്നുകൊണ്ടിരുന്ന മയേഴ്സ് മെമ്മോറിയൽ ഹാൾ നിന്നിരുന്ന സ്ഥാനത്തു പണിതുകൊണ്ടിരിക്കുന്ന പുതിയ ആരാധനാലയവും പാഴ്സനേജും ഉൾപ്പെടുന്ന കെട്ടിടം.*



ഈ കെട്ടിടം പൂർത്തീകരിക്കുവാൻ ഇനിയും കുറഞ്ഞത് 15ലക്ഷം രൂപാകൂടി ആവശ്യമായിരിക്കുന്നു. മുളക്കുഴ ദൈവസഭാംഗങ്ങൾ ആത്മാർത്ഥമായി സഹകരിച്ചതിനാൽ ഇത്രയും പണികൾ നടത്തുവാനിടയായി. ശേഷിച്ച നിർമ്മാണങ്ങൾ കൂടി നടത്തി ദൈവസഭാ ആസ്ഥാനത്തോടു ചേർന്നുള്ള ഈ കെട്ടിടം പൂർത്തികരിക്കപ്പെടുവാൻ ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

ചെക്ക്/ഡ്രാഫ്റ്റ് എന്നിവ അയയ്ക്കുന്നവർ *"മുളക്കുഴ ദൈവസഭാ ആരാധനാലയത്തിനു വേണ്ടി"* എന്നു കാണിച്ചുകൊണ്ട് സ്റ്റേറ്റ് ഓഫീസിലേക്ക് അയച്ചാലും.

**പാസ്റ്റർ പി.റ്റി. മാത്യു**
മുളക്കുഴ ലോക്കൽ ദൈവസഭ

**റ്റി. യോഹന്നാൻ**
കൺവീനർ, ചർച്ച് ബിൽഡിങ്ങ് കമ്മറ്റി
മുളക്കുഴ ലോക്കൽ ദൈവസഭ

Reg. R. N. 36077/1987 **Suvishesha Nadam** Vol. 31
Registrerd No. KL/MVK/435/2009-2011 Issue No. 3



**U.K. & Ireland** ദൈവസഭാ മലയാളം സെക്ഷനിൽനിന്നും സ്റ്റേറ്റ് ഓഫീസ് കോംപ്ലക്സിന്റെ പണികൾക്ക് നൽകുന്ന സംഭാവനയുടെ ആദ്യഗഡുവായി റവ. ജോ കുര്യൻ സമാഹരിച്ച ഒരുലക്ഷം രൂപാ കർത്തൃദാസൻ മാമ്മച്ചനിൽനിന്നും സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി സ്വീകരിക്കുന്നു.

## ഇൻഡ്യാ (പൂർണ്ണ സുവിശേഷ) ദൈവസഭ
## കേരളാസ്റ്റേറ്റ്

89-ാമത്

the BIG move

# ജനറൽ കൺവൻഷൻ

## ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയം, തിരുവല്ല

## 2012 ജനുവരി 16 മുതൽ 22 വരെ

കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിപ്പിൻ...

പാസ്റ്റർ എം. കുഞ്ഞപ്പി, സ്റ്റേറ്റ് ഓവർസിയർ

Printed, Published by Pastor K.A. Oommen on behalf of Gospel Voice Publishers, Published from Mount Zion, Mulakuzha, Chengannur, Alleppey - 689505 and printed at Carmel Press, House No. 11/176, Near Kaviyoor Evening Market, Njalbhagom Muri, Pathanamthitta Dist - 689629 Editor P.I. Abraham